TAB

# TRICHUR ARCHDIOCESAN BULLETIN

2022 നവംബർ വാല്യം: 89 ലക്കം: 11




താലന്തുകളുടെ ഉപമ (മത്താ. 25, 29).



നവംബർ 30ന്
നാമഹേതുക തിരുനാൾ
ആഘോഷിക്കുന്ന അഭിവന്ദ്യ
**മാർ ആൻഡ്രൂസ്
താഴത്ത്** പിതാവിന്
തൃശ്ശൂർ അതിരൂപതയുടെ
പ്രാർത്ഥനാശംസകൾ



2022 നവംബർ 18ന്
മെത്രാഭിഷേകത്തിന്റെ
അഞ്ചാം വാർഷികം
ആഘോഷിക്കുന്ന
അഭിവന്ദ്യ **മാർ ടോണി
നീലങ്കാവിൽ** പിതാവിന്
തൃശ്ശൂർ അതിരൂപതയുടെ
പ്രാർത്ഥനാശംസകൾ



Trichur Archdiocesan Bulletin TAB
ESTD: 1934

**നവംബർ 2022**

ലക്കം: 11 വാല്യം: 89

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Daijo Poruthur

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org

| | |
|---|---|
| കച്ചേരിക്കാര്യം | 4 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 7 |
| സഹായമെത്രാന്റെ പരിപാടികൾ | 8 |
| നാളാഗമം | 10 |
| നാമകരണ നടപടികൾ | 14 |
| വൈദികർ | 18 |
| സന്യസ്തർ | 20 |
| അതിരൂപത തീർഥകേന്ദ്രം | 25 |
| സാമ്പത്തിക കാര്യാലയം | 26 |
| മതബോധനം | 28 |
| സ്ഥാപനങ്ങൾ | 33 |
| സംഘടനകൾ | 51 |

# കച്ചേരി വാർത്തകൾ

ഒക്ടോബർ 2022

## 1. ഓർമ്മിക്കേണ്ട ദിവസങ്ങൾ

1 : സകല വിശുദ്ധരുടെയും തിരുനാൾ
2 : സകല മരിച്ചവരുടെയും ഓർമ്മ
4 : *ആദ്യവെള്ളി*
5 : വി. സഖറിയായും വി. ഏലീശ്വായും
6 : **പള്ളിക്കൂദാശ രണ്ടാം ഞായർ**
13 : **പള്ളിക്കൂദാശ മൂന്നാം ഞായർ**
20 : **പള്ളിക്കൂദാശ നാലാം ഞായർ**
മിശിഹായുടെ രാജത്വതിരുനാൾ
21 : മാർതോമാശ്ലീഹായുടെ ഭാരതപ്രവേശനം
27 : **മംഗളവാർത്ത ഒന്നാം ഞായർ**
30 : **വി. അന്ത്രയോസ് ശ്ലീഹാ**

## 2. നവംബർ മാസത്തെ പരിപാടികൾ

3 : മേരിമാത മേജർ സെമിനാരി ഹോം ഡേ
5 : സെന്റ് മേരീസ് സെമിനാരി ഹോം ഡേ
: സംഘടന ഏകോപനസമിതി യോഗം (2:30 pm)
12 : പാസ്റ്ററൽ കൗൺസിൽ അവാർഡ് ഡേ
19 : സന്യസ്തജൂബിലി (10:00 am)
25 : ഫൊറോനവികാരിമാരുടെ യോഗം (10:30 am)
ആലോചനസമിതിയോഗം (2:30 pm)
26 : ആർച്ച്ബിഷപ്സ് ഹൗസ് സ്റ്റാഫ് പിക്നിക്
30 : വൈദികമാസധ്യാനം
: മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ നാമഹേതുകതിരുനാൾ

## 3. നാമഹേതുക തിരുനാൾ & മെത്രാഭിഷേക വാർഷികം

നവംബർ 30നു നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനും നവംബർ 18നു മെത്രാ

ഭിഷേകവാർഷികം ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ടോണി നീല ങ്കാവിൽ പിതാവിനും അതിരൂപതയുടെ പ്രാർത്ഥനാശംസകൾ. അന്നേദിവസങ്ങളിൽ അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപ നങ്ങളിലും വി.കുർബാന മധ്യേ പിതാക്കന്മാർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമപ്പെടുത്തുന്നു.

4. **25 നോമ്പ്:** നവംബർ 30 പാതിരാമുതൽ 25 നോമ്പാരംഭിക്കുന്നു. നോമ്പിലൂടെ ആത്മശുദ്ധി നേടി പ്രാർത്ഥനാപൂർവ്വം ഈശോയുടെ പിറവിക്കായി നമുക്ക് ഒരുങ്ങാം. ഡിസംബർ 1 മുതൽ 25 വരെ വിവാ ഹാഘോഷങ്ങൾക്ക് മുടക്കമാണെന്ന വിവരം ബഹു. അച്ചന്മാർ ജന ങ്ങളെ ഓർമ്മപ്പെടുത്തുമല്ലോ.

5. **സന്യസ്ത ജൂബിലി 2022**
നവംബർ 19 ശനിയാഴ്ച്ച രാവിലെ 10.00ന് ഡി.ബി.സി.എൽ.സി.യിൽ അതിരൂപത സന്യസ്ത രജത–സുവർണ്ണ ജൂബിലി ആഘോഷി ക്കുന്നു.

6. **പാസ്റ്ററൽ കൗൺസിൽ അവാർഡ് ദിനം :** അതിരൂപതയുടെ ഈ വർഷത്തെ അവാർഡുദിന പരിപാടികൾ 2022 നവംബർ 12–ന് ശനി യാഴ്ച ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടത്തുന്നു.

7. **വൈദിക മാസധ്യാനം:** വൈദികരുടെ മാസധ്യാനം നവംബർ 30 ന് രാവിലെ 10 മുതൽ ഡി. ബി. സി. എൽ. സി. യിൽ നടത്തുന്നു.

8. **ഓഫീസ് അവധി :** 2022 ഡിസംബർ 20 മുതൽ 2023 ജനുവരി 6 വരെ അതിരൂപതാ കാര്യാലയത്തിന് അവധിയായിരിക്കും. ഈ ദിവ സങ്ങളിൽ അടിയന്തിരഹർജികൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

## 9. ആധ്യാത്മിക അനുഗമനം (Spiritual Direction)

ആധ്യാത്മിക അനുഗമനം (Spiritual Direction) വൈദിക–സമർപ്പിത ശുശ്രൂഷകളിൽ വൈദികർക്കും സമർപ്പിതർക്കുമുള്ള പരിശീലനം:

ദൈവാനുഭവത്തോടെ ഫലപ്രദമായ രീതിയിൽ തങ്ങളുടെയടു ക്കൽ വരുന്ന വിശ്വാസികൾക്ക് അധ്യാത്മിക മാർഗ്ഗദർശനം നൽകാൻ (വൈദികരെയും സമർപ്പിതരെയും) സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ പറോക്ക് ഗവേഷണകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ “ആധ്യാത്മിക അനു ഗമനം (Spiritual Direction) വൈദിക–സമർ പ്പിത ശുശ്രൂഷകളിൽ” എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പരി ശീലന പ്രോഗ്രാം സംഘടിപ്പി ക്കുന്നു. 2022 ഡിസംബർ 9 വെള്ളി രാവിലെ 9 മുതൽ 10 ശനി ഉച്ചക ഴിഞ്ഞ് 4:30 വരെ ഡി. ബി. സി. എൽ. സി. യിൽ താമസിച്ചാണ് ഈ

പ്രോഗ്രാം നടത്തപ്പെടുന്നത്. ബഹു. പീറ്റർ ചക്യാത്ത് ഒ. സി. ഡി. അച്ച നാണ് ഈ പ്രോഗ്രാം നയിക്കുന്നത് (കോർഡിനേറ്റർ: ഫാ. സാജൻ പിണ്ടി യാൻ, 9400280625).

**10. വൈദികനിയമനം:**

1. ഫാ. വിനോയ് വാഴപ്പിള്ളി – സഹവികാരി പുത്തൻപീടിക; സാധുത 2022 സെപ്തംബർ 10 മുതൽ.
2. ഫാ. റോയ് വേളക്കൊമ്പിൽ – അസി. ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ് & ആബാ റിന്യൂവൽ സെന്റർ കൂടി; സാധുത 2022 സെപ്തം ബർ 15 മുതൽ.
3. ഫാ. ജിന്റോ ചിറ്റിലപ്പിള്ളി – വികാരി–ഇൻ–ചാർജ്ജ് ചേർപ്പ്; സാധുത 2022 സെപ്തംബർ 20 മുതൽ ഒക്ടോബർ 30 വരെ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ

**യേശു മരിക്കുകയും വീണ്ടും ഉയിർക്കുകയും ചെയ്തു എന്നു നാം വിശ്വസിക്കുന്നതുപോലെ, യേശുവിൽ നിദ്രപ്രാപിച്ചവരെ ദൈവം അവനോടുകൂടെ ഉയിർപ്പിക്കും.**
1 തെസലോനിക്കാ 4 : 14

# ENGAGEMENTS

**2022 NOVEMBER Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 01 | Tue | | Episcopal Ordination of Mar Alex Tharamangalam at Mananthavady. |
| 02 | Wed | Morning | All Souls day: Holy Mass at Lourdes Cathedral |
| | | | Interview: FCC Novices for vestition |
| 03 | Thu | | Online Permanent Synod |
| | | | Home Day at Marymatha Major Seminary |
| 04 | Fri | Morning | Holy Mass at Spiritual Animation Centre |
| 05 | Sat | | Holy Mass at St. Pious X Convent, Karanchira: 49th Death Anniversary of Mar George Alapatt |
| | | | Home Day at St. Mary's Minor Seminary |
| | | Evening | Ekopanasamithy Meeting |
| 06 | Sun | Morning | KCYM Youth day |
| 06 -11 | | | CBCI Meeting at Bangalore |
| 12 | Sat | Afternoon | Pastoral Council Award Day |
| 13 | Sun | Morning | Festal Pontifical Mass at Lourdes Cathedral |
| | | Afternoon | Priestly Ordination: Dn. Jis Alappatt at Kodannur |
| 14 | Mon | Morning | Jubilee of Fr. Jose Thekkekkara |
| 16 | Wed | Morning | Holy Mass at St. Paul's Gurukulam |
| | | Evening | JMMC Trust Meeting |
| 17 | Thu | Morning | Holy Mass at Nirmaladasy sisters' Generalate, Mulayam |
| 18 | Fri | Morning | Inter Curia Meeting at Thrissur |
| | | Afternoon | Blessing of Renovated Chapel at Savio Home, Manakkody |
| 19 | Sat | Morning | Religious Jubilee Meet |
| 21-22 | | | Archdiocesan Priests' Picnic |
| 21 | Mon | Afternoon | Mega Ramban pattu at Palayur |
| 24 | Thu | Morning | KCBC Prayer day Holy Mass at Marymatha Major Seminary |

| | | | |
|---|---|---|---|
| 25 | Fri | Morning | Forane Vicars' Meeting |
| | | Afternoon | Consulters' Meeting |
| 26 | Sat | | Archbishop's House Staff Picnic |
| 27 | Sun | Morning | Sneholsavam: Holy Mass at Parish |
| | | | Pontifical Mass at Dolour's Basilica |
| 28 | Mon | Morning | Holy Mass at St. Mary's Minor Seminary |
| 30 | Wed | | Priests' Monthly Recollection & Feast Celebration |

# ENGAGEMENTS

## 2022 NOVEMBER Mar Tony Neelankavil

| Date | Day | Time | Description |
|---|---|---|---|
| 1 | Tue | Morning | Episcopal Ordination of Manathavady Auxiliary Bishop |
| | | Evening | Globel Aluminni Online Meet of O.S.A. |
| 2 | Wed | Morning | All Souls Day Mass @ Basilica |
| 3 | Thu | All Day | Home Day @ Mary Matha Major Seminary |
| 4 | Fri | Evening | Inaguration Holymass of Retreat @ Kuttur |
| 5 | Sat | Morning | Fourth Child Baptism @Aranattukara |
| | | Morning | Home Day @ Minor Seminary |
| 6 | Sun | Morning | KCYM Yuvajanadinam |
| 6-11 | | All Days | CBCI Meeting |
| 12 | Sat | Morning | Ordination @ Velur |
| | | Afternoon | Pastoral Council Award Day |
| 12-13 | | All Days | Pastoral Visit @ Guruvayoor |
| 13 | Sun | Afternoon | Daivasabatham Speech |
| 15-16 | | All Days | Batch Gathering |
| 17 | Thu | Morning | Forane Vicars Meeting |
| | | Evening | Consultors Meeting |
| 18 | Fri | All Day | Inter Curia Meeting |
| 19 | Sat | Morning | Fourth Child Baptism @ Lourde |

| | | | |
|---|---|---|---|
| | | Afternoon | Vestition of FCC Sisters |
| | | Evening | Karumathra Holymass |
| 20 | Sun | Morning | Holymass @ Poomala |
| | | Evening | Holymass @ Veendassery |
| 21-22 | | All Days | Archdiocesan Priest Picnic |
| 24 | Thu | Morning | Sabha Naveekaranam Prayer |
| | | Afternoon | Thaikkattussery Special School Jubilee |
| 25 | Fri | Morning | Holy Mass @ Amballur Marriage Preparation Course |
| | | Evening | Holymass @ Basilica |
| 27 | Sun | Morning | Holymass - Sneholsavam |
| | | Morning | Holymass @ Poochinnipadam |
| | | Afternoon | Pallisery Convent Blessing & Holymass |
| | | Evening | Holy mass @ Pazhuvil |
| 29 | Tue | Morning | Holymass - Peechi SJW Convent |
| 30 | Wed | All Day | Priests Monthly Recollection |

**യേശു മരിക്കുകയും വീണ്ടും ഉയിർക്കുകയും ചെയ്തു എന്നു നാം വിശ്വസിക്കുന്നതുപോലെ, യേശുവിൽ നിദ്രപ്രാപിച്ചവരെ ദൈവം അവനോടുകൂടെ ഉയിർപ്പിക്കും.**

***1 തെസലോനിക്ക 4:14***

# നാളാഗമം

## സെപ്തംബർ 2022

1. അഭിവന്ദ്യ താഴത്തുപിതാവ് രാവിലെ മേരിമാത മേജർ സെമിനാരിയിൽ വിശുദ്ധ ബലിയർപ്പിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പുല്ലഴി സെന്റ് ജോസഫ് മെന്റൽ ഹോമിൽ വി. ബലിയർപ്പിച്ചു.
2. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ആമ്പല്ലൂരിൽ വിവാഹ കോഴ്സിൽ പങ്കെടുക്കുന്നവർക്കായി വി. ബലിയർപ്പിച്ചു. വൈകീട്ട് പൊന്നൂക്കരയിൽ വി. ബലിയർപ്പിച്ചു.
3. അഭിവന്ദ്യ പിതാക്കൻമാർ ഡി. ബി. സി. എൽ. സി. യിൽ വച്ച് സി. ആർ. ഐ. – പ്രസ്ബിറ്ററൽ കൗൺസിൽ സംയുക്ത യോഗത്തിൽ പങ്കെടുത്തു. പിന്നീട് ദീപികയുടെ നേതൃത്വത്തിൽ നടത്തുന്ന തൊഴിൽ മേളയുടെ ലോഗോ ആൻഡ്രൂസ് പിതാവ് പ്രകാശനം ചെയ്തു. തുടർന്ന് പുതുതായി നിർമ്മിച്ച ആറ്റുപുറം സെന്റ് ആന്റണീസ് എൽ. പി. സ്കൂൾ കെട്ടിടം അഭിവന്ദ്യ താഴത്ത് പിതാവ് ആശീർവ്വദിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പോന്നൂരിൽ വി. ബലിയർപ്പിക്കുകയും സിമിത്തേരി കപ്പേള വെഞ്ചിരിക്കുകയും

ചെയ്തു. വൈകീട്ട് ചിയ്യാരം വിജയമാത ഇടവകയിലെ കപ്പേള വെഞ്ചിരിച്ചു.

4. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് രാവിലെ കുണ്ടന്നൂർ ഇടവകദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിക്കുകയും തുടർന്ന് ധന്യ സി. സെലിൻ കണ്ണനായ്ക്കലിന്റെ മാതാപിതാക്കളുടെ ഭവനത്തിലെത്തി പ്രാർത്ഥിക്കുകയും ചെയ്തു. മാർ ടോണി നീലങ്കാവിൽ പിതാവ് അതിരൂപതയിലെ വിശ്വാസ പരിശീലകരുടെ ധ്യാനം ഉദ്ഘാടനം ചെയ്തു. ഉച്ചക്കഴിഞ്ഞ് ലൂർദ്ദിൽ സ്കൂൾ കെട്ടിടത്തിന്റെ കല്ലിടുകയും വി. ബലിയർപ്പിക്കുകയും ചെയ്തു.
5. മാർ ടോണി നീലങ്കാവിൽ പിതാവ് ആർച്ച് ബിഷപ്പ് ഹൗസിലെ ഓണാഘോഷത്തിൽ പങ്കെടുത്തു. ഉച്ചക്കഴിഞ്ഞ് മുണ്ടത്തിക്കോട് വി. ബലിയർപ്പിച്ചു.
6. അതിരൂപതയിലെ മതാധ്യപകർക്കുവേണ്ടി മണ്ണുത്തി ഡോൺ ബോസ്ക്കോ സ്കൂളിൽ വച്ച് സംഘടിപ്പിച്ച വാർഷിക ധ്യാനത്തിൽ അഭിവന്ദ്യ താഴത്തു പിതാവ് വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് ഡി. ബി. സി. എൽ. സി. യിൽ വച്ചുനടന്ന അതിരൂപതയിലെ വൈദികരുടെ എകദിന സമ്മേളനത്തിൽ അഭിവന്ദ്യ പിതാക്കൻമാർ സംബന്ധിച്ചു.

6–20 ഇന്റർനാഷണൽ വിശ്വാസപരിശീലനകോൺഗ്രസിൽ പങ്കെടുക്കുകയും ഇറ്റലിയിലുള്ള വൈദികരെ കാണുകയും ചെയ്തു.

8. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോളി റൂഹാ ആശ്രമത്തിലെ രണ്ട് അർത്ഥിനികളുടെ നിത്യവ്രത വാഗ്ദാനത്തിന് കാർമ്മികത്വം വഹിച്ചു.
9. തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ സംഘടിപ്പിച്ച യുവജനസംഗമം അഭിവന്ദ്യ താഴത്തുപിതാവ് ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിച്ചു. അതിനുശേഷം ഫാമിലി അപ്പസ്തോലേറ്റിൽ നടന്ന അതിരൂപത പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ അഭിവന്ദ്യ പിതാക്കൻമാർ സംബന്ധിച്ചു. വൈകീട്ട് ഡി. ബി. സി. എൽ. സി. യിൽ വച്ച് ലോഫ് സംഘടയിലെ അംഗങ്ങളുടെ വ്രതനവീകരണത്തിന് ആൻഡ്രൂസ് പിതാവ് നേതൃത്വം നൽകി.
11. കേരള ക്രൈസ്തവ സഭയ്ക്കുവേണ്ടി കെ. സി. ബി. സി. ആഹ്വാനം ചെയ്ത നാല്പതു ദിവസത്തെ പ്രാർത്ഥനായജ്ഞം തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ വിശുദ്ധ ബലിയർപ്പിച്ച് അഭിവന്ദ്യ താഴത്തുപിതാവ് ഉദ്ഘാടനം ചെയ്തു. വൈകീട്ട് അതിരൂപതയിലെ ആദ്യ ബാച്ച് വൈദികരുടെ വാർഷിക ധ്യാനം ജറുസലെം ധ്യാനകേന്ദ്രത്തിൽ

വച്ച് ആരംഭിച്ചു. ആൻഡ്രൂസ് പിതാവ് സന്ദേശം നൽകി.

14. അഭിവന്ദ്യ താഴത്തുപിതാവ് രാവിലെ ആർത്താറ്റ് ഇടവക ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.
15. തൃശ്ശൂർ വ്യാകുല മാതാവിന്റെ ബസിലിക്കയിൽ ആൻഡ്രൂസ് പിതാവ് തിരുനാൾ കുർബ്ബാനയർപ്പിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ പഠനം പൂർത്തിയാക്കിയ മെഡിക്കൽ വിദ്യാർത്ഥികളുടെ കോൺവൊക്കേഷൻ പരുപാടിയിൽ അഭിവന്ദ്യ താഴത്തുപിതാവ് സംബന്ധിച്ചു.
16. തൃശ്ശൂർ അതിരൂപതയിലെ ആദ്യ ബാച്ച് വൈദികരുടെ വാർഷിക ധ്യാനത്തിന്റെ സമാപനദിവസം ജറുസലെം ധ്യാനകേന്ദ്രത്തിൽ വച്ച് ആൻഡ്രൂസ് പിതാവ് ബഹുമാനപ്പെട്ട വൈദികരോടൊപ്പം വിശുദ്ധ ബലിയർപ്പിച്ചു.
17. രാവിലെ ആറ്റത്തറ ഇടവക ദൈവാലയത്തിൽ വച്ച് ആളൂർ കിഴക്കൂട്ട് ജെയ്സൻ – നിമ്മി ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിയ്ക്ക് അഭിവന്ദ്യ താഴത്തുപിതാവ് മാമ്മോദീസ നൽകി. അതിനുശേഷം കാച്ചേരിയിൽ പ്രവർത്തനമാരംഭിക്കുന്ന സാന്ത്വനം സർജ്ജിക്കൽസിന്റെ കെട്ടിടം ആൻഡ്രൂസ് പിതാവ് ആശീർവ്വദിച്ചു. ഉച്ചതിരിഞ്ഞ് അഭിവന്ദ്യ താഴത്തുപിതാവ് അത്താണി ഇടവക ദൈവാലയത്തിലെ നവീകരിച്ച അൾത്താര ആശീർവ്വദിച്ച് വിശുദ്ധ കുർബ്ബാന അർപ്പിച്ചു.
18. അവിണിശ്ശേരി ഇടവക ദൈവാലയത്തിൽ ആൻഡ്രൂസ് പിതാവ് വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകി.
    തുടർന്ന് അഭിവന്ദ്യ താഴത്തുപിതാവ് പെരിങ്ങണ്ടൂർ പോപ്പ് പോൾ മേഴ്സി ഹോമിൽ പുതുതായി ആരംഭിക്കുന്ന സ്പെഷൽ ബി. എഡ്. കോളേജ് ഉദ്ഘാടകർമ്മത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് തൃശ്ശൂർ അതിരൂപതയിലെ കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ഫാമിലി അപ്പസ്തോലേറ്റിൽ വച്ചുനടന്ന വിമുക്ത ഭടൻമാരുടെ സംഗമത്തിൽ (അമർ ജവാൻ) ആൻഡ്രൂസ് പിതാവ് പങ്കെടുത്ത് വിമുക്ത ഭടൻമാരെ ആദരിച്ചു. വൈകീട്ട് അതിരൂപതയിലെ രണ്ടാമത്തെ ബാച്ച് വൈദികരുടെ വാർഷിക ധ്യാനം മേരിമാത മേജർ സെമിനാരിയിൽ വച്ച് ആരംഭിച്ചു. ആൻഡ്രൂസ് പിതാവ് സന്ദേശം നൽകി.
21. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഡി.ബി.സി.എൽ.സിയിൽ മേരിമാത ഡീക്കന്മാർക്കായി വി. ബലിയർപ്പിച്ചു.
22. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഒല്ലൂർ ഫാത്തിമാ കോൺവെന്റിൽ വി. ബലിയർപ്പിച്ചു.
26. മുല്ലക്കരയിലെ റിന്യൂവൽ സെന്ററിലെ ഗ്രോട്ടോ വെഞ്ചിരിച്ചു.


27. മാർ ടോണി നീലങ്കാവിൽ പിതാവ് വൈകീട്ട് പീച്ചിയിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി.
28. മാർ ടോണി നീലങ്കാവിൽ പിതാവ് വൈകീട്ട് അവിണിശ്ശേരിയിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി.
29. മാർ ടോണി നീലങ്കാവിൽ പിതാവ് പാവറട്ടി സി.എം.ഐ. ആശ്രമദൈവാലത്തിലെ 40 മണിക്കൂർ ആരാധനക്ക് തുടക്കം കുറിച്ചു.
30. രാവിലെ മേരിമാത മേജർ സെമിനാരിയിൽ വച്ച് അതിരൂപതയിലെ ബഹുമാനപ്പെട്ട വൈദികരോടൊപ്പം അഭിവന്ദ്യ താഴത്തുപിതാവ് വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. തുടർന്ന് അഭിവന്ദ്യ പിതാക്കൻമാരുടെ നേതൃത്വത്തിൽ അതിരൂപതാ വൈദികരുടെ സമ്മേളനം നടന്നു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വേലൂരിൽ വി. ബലിയർപ്പിച്ചു.

**അൽപകാലത്തേക്കു വിവിധ പരീക്ഷകൾ നിമിത്തം നിങ്ങൾക്കു വ്യസനിക്കേണ്ടിവന്നാലും അതിൽ ആനന്ദിക്കുവിൻ. കാരണം, അഗ്നിശോധനയെ അതിജീവിക്കുന്ന നശ്വരമായ സ്വർണത്തേക്കാൾ വിലയേറിയതായിരിക്കും പരീക്ഷകളെ അതിജീവിക്കുന്ന നിങ്ങളുടെ വിശ്വാസം.**

***1 പത്രോസ് 1. 6-7***

# ധന്യൻ
# അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

തൃശ്ശൂർ അതിരൂപതയിലെ ശ്രേഷ്ഠ വൈദികൻ, ചാരിറ്റി സന്യാസിനി സമൂഹത്തിന്റെ സ്ഥാപകൻ, ചൊവ്വന്നൂർ പഞ്ചായത്ത് പ്രസിഡന്റ്, വില്ലേജ് ജഡ്ജ്, കുന്നംകുളം ദേശത്തിന്റെ അച്ചൻ തമ്പുരാൻ, ചൊവ്വന്നൂർ ഇടവകയുടെ 26 വർഷത്തെ നല്ലിടയൻ, കരുണാർദ്രസ്നേഹത്തിന്റെ പ്രഘോഷകൻ, എക്യുമെനിസത്തിന്റെയും മതസൗഹാർദ്ദത്തിന്റെയും പ്രവാചകൻ, ദൈവത്തിന്റെയും മനഷ്യരുടെയും മനസ്സിലെ വിശുദ്ധ ജീവിതത്തിന്റെ ഓർമ്മകുറിപ്പ് എന്നിങ്ങനെ നിരവധി വിശേഷണങ്ങൾക്ക് ഉടമയായ ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ 66–ാം ശ്രാദ്ധാചരണം 2022 ഒക്ടോബർ 1 മുതൽ 13 വരെ വിപുലമായ പരിപാടികളോടെ ഈ പുണ്യാത്മാവ് അന്ത്യവിശ്രമം കൊള്ളുന്ന ചൊവ്വന്നൂർ സെന്റ് തോമസ് ദേവാലയത്തിൽവെച്ച് ആചരിച്ചു.



2022 ഒക്ടോബർ 1–ാം തീയതി രാവിലെ 6.30 ന് വി. ബലിയർപ്പണത്തിനു മുമ്പ് എരുമപ്പെട്ടി ഫൊറോന വികാരി റവ. ഫാ. ജോഷി ആളൂർ തിരി തെളിയിച്ചുകൊണ്ട് ശ്രാദ്ധാചരണപരിപാടികകൾക്ക് തുടക്കം കുറിച്ചു. തുടർന്ന് ഒക്ടോബർ 11 വരെ നടത്തിയ നവനാൾ കർമ്മങ്ങൾക്ക് തൃശ്ശൂർ അതിരൂപതയിലെ ഇടവകകളിൽനിന്നുള്ള ബ. വൈദികരും, വിവിധ സന്യാസ വൈദികരും കാർമ്മികത്വം നല്കി. 13 മണിക്കൂർ ആരാധനാ ദിനം, അഖണ്ഡജപമാലയർപ്പണ ദിനം,


അഖണ്ഡബൈബിൾ പാരായണദിനം, ഒരുക്കധ്യാനദിനം (ധ്യാനപ്രസംഗകൻ : റവ.ഫാ. പോൾ കള്ളിക്കാടൻ) പദയാത്ര സ്വീകരണ ദിനം, എക്യുമെനിക്കൽ പ്രാർത്ഥനാ കൂട്ടായ്മ ദിനം (നേതൃത്വം : റവ. ഫാ. രഞ്ജിത്ത് അത്താണിക്കൽ ഇങ്ക), അഖില കേരള ചിത്രരചനാമത്സരം (ഉദ്ഘാടകൻ റവ. ഫാ. പോൾ കാട്ടൂക്കാരൻ) എന്നിവ ഈ ദിനങ്ങളിൽ സംഘടിപ്പിച്ചു. ഒക്ടോബർ 12–ാം തീയതി വൈകീട്ട് 6–ന് അർപ്പിച്ച റാസാകുർബാനയ്ക്ക് ആറ്റത്ര വികാരി റവ. ഫാ. ബെന്നി കിടങ്ങൻ മുഖ്യ കാർമ്മികത്വവും വെള്ളറക്കാട് – മരത്തംകോട് ഇടവകകളിലെ വികാരി റവ. ഫാ. നവീൻ മുരിങ്ങാത്തേരി, എരുമപ്പെട്ടി ഫൊറോന സഹ. വികാരി റവ. ഫാ. ലിവിൻ ചൂണ്ടൽ സഹകാർമ്മികത്വവും വഹിച്ചു. തുടർന്ന് നേർച്ചഭക്ഷണ വിതരണവും നടന്നു. ശ്രാദ്ധദിനമായ ഒക്ടോബർ 13–ന് രാവിലെ സീറോമലബാർ സഭ കൂരിയ മെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. ബലിയർപ്പണമായിരുന്നു. തന്റെ സന്ദേശത്തിലുടനീളം ധന്യനായ ഊക്കനച്ചനെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും ജീവിതവിശുദ്ധിയെകുറിച്ചും അനുഭവസാക്ഷ്യങ്ങളിലൂടെ പങ്കുവെച്ചത് ഏറെ ശ്രദ്ധേയമായി. അപരന്റെ അത്യാവശ്യങ്ങളിൽ അവശ്യസമയത്ത് ഇടപെട്ട ഗുരുവിനെപോലെയുള്ള ഒരു പുരോഹിതനായിരുന്നു ഊക്കനച്ചൻ. മനുഷ്യനെ മിതവ്യയം പഠിപ്പിച്ചും, അച്ചൻ പറയുന്നതു മാത്രമെ ഞങ്ങൾ ചെയ്യുകയുള്ളൂ എന്ന് ജനമനസ്സുകളെക്കൊണ്ട് പറയിപ്പിക്കത്തക്കവിധത്തിൽ ജീവിക്കുകയും ചെയ്ത ഈ പുരോഹിത മാതൃക സ്വന്തമാക്കേണ്ടതുണ്ട് എന്ന് അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. സീറോ മലബാർ സഭ കൂരിയ വൈസ് ചാൻസലർ റവ. ഡോ. അബ്രാഹം കാവിൽപുരയിടത്തിൽ, ഇരിങ്ങാലക്കുട രൂപത മുൻ വികാർ ജനറാൾ റവ. ഫാ. ജോസ് മാളിയേക്കൽ, കണ്ണാറ വികാരി റവ. ഫാ. വർഗ്ഗീസ് ഊക്കൻ, ആറ്റത്ര വികാരി റവ. ഫാ. ബെന്നി കിടങ്ങൻ എന്നിവർ സഹകാർമ്മികരായിരുന്ന വിശുദ്ധ ബലിക്കുശേഷം മധ്യസ്ഥ പ്രാർത്ഥനയും, കബറിടത്തിൽ പുഷ്പാർച്ചനയും, നേർച്ച ഊട്ടും നടത്തി. കനിവോടും സുകൃതത്തോടുംകൂടി തന്റെ അടുക്കൽ വന്നിരുന്നവരെ ജീവിതകാലത്ത് സഹായിച്ച ഊക്കനച്ചന്റെ മാധ്യസ്ഥ്യം തേടി ആയിരങ്ങളാണ് ചൊവ്വന്നൂരിൽ എത്തിയത്.

വികാരി റവ. ഫാ. ജോജോ എടത്തിരുത്തി, ഊക്കൻ സ്മാരക സമിതി അംഗങ്ങൾ, ചാരിറ്റി സിസ്റ്റേഴ്സ്, കൈക്കാരന്മാർ, വിവിധ കമ്മിറ്റി അംഗങ്ങൾ, ഇടവകാംഗങ്ങൾ, നാട്ടുകാർ ഏവരുടെയും അശ്രാന്ത പരിശ്രമം ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ 66–ാം ശ്രാദ്ധാചരണം ഭംഗിയാക്കിത്തീർത്തു.

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

നവംബർ 2ന് നാം സകല വിശുദ്ധരുടെയും തിരുന്നാൾ ആചരിക്കുമ്പോൾ വിശുദ്ധരോടുള്ള വണക്കത്തെപ്പറ്റി അച്ചൻ പറയുന്നത് എന്തെന്നു ശ്രദ്ധിക്കാം.

വിശുദ്ധന്മാരുടെ ജീവിതം നമുക്ക് ജീവിത ദർശനങ്ങൾ തരുന്നു. വിശ്വാസ സന്മാർക്ഷ സത്യങ്ങളെ അവയിൽത്തന്നെ കണ്ടു സ്നേഹിക്കുന്നതിന് നമുക്കു പ്രയാസമാണ്. കാരണം സൂര്യന്റെ മുഖത്തു നോക്കാൻ നമുക്ക് സാദ്ധ്യമല്ല. എന്നാൽ സൂര്യപ്രകാശം സ്വീകരിച്ചിട്ടുള്ള ചന്ദ്രനിൽ കുളിർമ്മയുള്ള ഒരു മുഖത്തെ നാം ദർശിച്ച് പ്രകാശത്തെ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നു.



വെട്ടം മുഖത്ത് അടിച്ചാലും നാം അത് കൊണ്ടു നടന്നാലും നമുക്ക് ഇരുട്ടാണ്. എന്നാൽ വിളക്ക് കുറേ അകലെ ആരെങ്കിലും പിടിച്ചാൽ നമുക്ക് നന്നായി കാണാം. നിത്യമായുള്ളവയെ അങ്ങനെത്തന്നെ നോക്കിക്കാണുന്നതിന് നമ്മുടെ കണ്ണുകൾക്ക് ശക്തിയില്ല.

കുട്ടിക്കാലത്തെ ഒരു പതിവ് അച്ചൻ ഓർക്കുന്നു. കൂട്ടുകാർ മിടുക്കന്മാരായതുകൊണ്ട് ചൂട്ടും കൊണ്ട് ഓടിച്ചെന്ന് മാങ്ങാ പെറുക്കും. താൻ പിന്നീടേ എത്തുമായിരുന്നുള്ളൂ. എന്നാ ലും കൂടുതൽ മാങ്ങ തനിക്കാണ് കിട്ടിയിരുന്നത്. കൂട്ടുകാർ (പ്രകാശത്തിന്റെ ആധിക്യം മൂലം) കല്ലാണെന്നു കരുതി എടുക്കാതെ പോയിരുന്ന നല്ല മാങ്ങകളായിരുന്നു അത്. എന്നിട്ടും അവർ പറയും ഭാഗ്യം കൊണ്ടാണ് എനിക്ക് കിട്ടിയതെന്ന്. പുണ്യങ്ങളെ കണ്ടു സ്നേഹിക്കുന്നതിന് നമുക്ക് നൽകപ്പെടുന്ന, കണ്ട് അനുകരിക്കാവുന്ന മാതൃകകളാണ് വിശുദ്ധർ എന്നാണ് അച്ചൻ അർത്ഥമാക്കുക.

പ്രകാശത്തെ ആത്മീയ ജീവിതവുമായി മറ്റൊരു രീതിയിലും അച്ചൻ ബന്ധിപ്പിക്കുന്നു. പ്രകാശമാർന്ന ദൈവസ്നേഹചിന്തയുണ്ടെങ്കിൽ ലോകസ്നേഹം മറക്കും. ദൈവത്തോട് സംഭാഷിച്ച് സീനാമലയിൽ നിന്ന് മോശ ഇറങ്ങി വന്നപ്പോൾ താഴ്വാരത്തിൽ നിന്നിരുന്നവരെ തിരിച്ചറിയാൻ പെട്ടെന്നു സാധിച്ചില്ല. അതുപോലെത്തന്നെ നല്ല വെയിലത്തുനിന്നു മുറിയിലേക്കു കടക്കുമ്പോൾ നമുക്ക് ഒന്നും കാണാനാകില്ല. ഇതുപോലെത്തന്നെ ദൈവധ്യാനമുള്ള വ്യക്തി ദൈവികാശ്വാസത്തെ അനു വിക്കുമ്പോൾ ലോകവസ്തുക്കളെ മറക്കുന്നു എന്ന് അച്ചൻ വ്യക്തമാക്കുന്നു.

വിശുദ്ധരാകാനുള്ള വിളി നമുക്കോരോരുത്തർക്കും ഉണ്ട്. ലോകവസ്തുക്കളിൽ നിന്ന് അകലം പ്രാപിച്ച് യഥാർത്ഥ പ്രകാശം ഉള്ളിൽ സ്വീകരിക്കാൻ നമുക്കിടയാകട്ടെ.

**ഫാ. പോൾ പുളിക്കൻ**

വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




## ജന്മദിനങ്ങൾ

ഫാ. അനീഷ് കൂത്തൂർ
വെള്ളാട്ടുകര 02
ഫാ. മനോജ് താണിക്കൽ 03
ഫാ. ജെയ്സൻ വടക്കേത്തല 03
ഫാ. ജാക്സൻ ചാലക്കൽ 04
ഫാ. ചെറിയാൻ പാറക്കൽ 04
ഫാ. അൽജോ കരേരക്കാട്ടിൽ 05
ഫാ. സിബിൻ ഊക്കൻ 05
ഫാ. ജോർജ്ജ് കോമ്പാറ 08
ഫാ. ജോർജ്ജ് എടക്കുളത്തൂർ 11
ഫാ. സോണി കിഴക്കൂടൻ 12
ഫാ. ജോസ് തത്രത്തിൽ 12
ഫാ. സനൽ മാളിയേക്കൽ 14
ഫാ. റോയ് വേളക്കൊമ്പിൽ 14
ഫാ. റോജോ എലുവത്തിങ്കൽ 15
ഫാ. സനോജ് അറങ്ങാശ്ശേരി 18
ഫാ. ലിജോ ചാലിശ്ശേരി 18
ഫാ. സെബി കവലക്കാട്ട് 20
ഫാ. ഗ്രിജോ മുരിങ്ങാത്തേരി 20
ഫാ. ക്രിസ്റ്റോൺ പെരുമാട്ടിൽ 20
ഫാ. ജസ്റ്റിൻ കൈതാരത്ത് 23
ഫാ. ജോർജ്ജ് തേർമഠം 23
ഫാ. ഫ്രാങ്കോ കവലക്കാട്ട് 25
ഫാ. ടിങ്കിൾ വാഴപ്പിള്ളി 25
ഫാ. ജോസ് ഐനിക്കൽ 28




## നാമഹേതുകതിരുനാൾ

ഫാ. മാർട്ടിൻ കൊളമ്പ്രത്ത് 03
ഫാ. ക്ലമന്റ് വാഴപറമ്പിൽ 23
ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട് 30




## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ജോസഫ് മുണ്ടശ്ശേരി | 04.11.2014 |
| ഫാ. വറീത് കടവി | 04.11.1890 |
| ഫാ. അഗസ്റ്റിൻ മംഗലം | 07.11.2021 |
| ഫാ. ഗീവർഗ്ഗീസ് തെക്കേക്കര | 07.11.1933 |
| ഫാ. ഔസേപ്പ് കാച്ചപ്പിള്ളി | 09.11.1893 |
| ഫാ. ആന്റണി മഞ്ഞളി | 09.11.1895 |
| ഫാ. ജോസ് ഇരിമ്പൻ | 09.11.1957 |
| ഫാ. സെബാസ്റ്റ്യൻ തേക്കാനത്ത് | 10.11.1987 |
| ഫാ. പോൾ അമ്പൂക്കൻ | 11.11.1969 |
| ഫാ. ജോസഫ് ചിറയത്ത് | 12.11.1946 |
| ഫാ. ജോർജ്ജ്പുളിക്കൻ | 14.11.1854 |
| ഫാ. പോൾ ആലപ്പാട്ട് | 14.11.1920 |
| ഫാ. ജോസ് മേനാച്ചേരി | 15.11.1954 |
| ഫാ. ജോൺ കിഴക്കൂടൻ | 15.11.1960 |
| ഫാ. ജേക്കബ് അന്തിക്കാട്ട് | 16.11.1980 |
| ഫാ. തോമസ് തെക്കേക്കര | 17.11.1895 |
| ഫാ. സെബാസ്റ്റ്യൻ വെള്ളാനിക്കാരൻ | 17.11.1971 |
| ഫാ. ജോൺ കൊള്ളന്നൂർ | 19.11.2017 |
| ഫാ. ജോൺ ഊക്കൻ | 20.11.1944 |
| ഫാ. ജോസഫ് ചാലിശ്ശേരി | 20.11.1967 |
| ഫാ. പീറ്റർ പാലയൂർ | 21.11.2015 |
| ഫാ. ആന്റണി പാണേങ്ങാടൻ | 22.11.2008 |
| ഫാ. ആന്റണി ചെമ്മണ്ണൂർ | 23.11.2000 |



# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

**സെപ്തംബർ**

### സിആർഐ പൊതുസമ്മേളന റിപ്പോർട്ട്

2022 ഒക്ടോബർ 8–ന് CRI പൊതുസമ്മേളനം തൃശൂർ ഫാമിലി അപ്പോസ്തോലറ്റിൽ വെച്ച് സംഘടിപ്പിച്ചു. 240 ഓളം പേർ പങ്കെടുത്തു. SDV സിസ്റ്റേഴ്സിന്റെ പ്രാർത്ഥനയോടെ ആരംഭിച്ചു. പ്രസിഡന്റ് സിസ്റ്റർ സോഫി പെരേപ്പാടൻ സ്വാഗതം ആശംസിച്ചു.വികാരി ജനറൽ ഫാ. ജോസ് വല്ലൂരാൻ ഉദ്ഘാടനം നിർവഹിച്ചു. സെക്രട്ടറി സിസ്റ്റർ ലെത്തീസിയ റിപ്പോർട്ട് അവതരിപ്പിച്ചു. 'St. Thomas Christians and their Contributions to Nation Building' എന്ന എന്ന വിഷയത്തെ ആസ്പദമാക്കി ഏഷ്യയിലെ തന്നെ പ്രഗൽഭ ചരിത്ര പണ്ഡിതനും ഡൽഹി JNU വിൽ പ്രൊഫസറും കോതമംഗലം രൂപത വികാരി ജനറാളുമായ മോൺ. പയസ് മലയകണ്ടത്തിൽ സെമിനാർ നയിച്ചു. മാർത്തോമാ ക്രിസ്ത്യാനികളുടെ തുടക്കം, പാരമ്പര്യം, സംഭാവനകൾ എന്നിവയും, ആദ്യകാല കൃതികളെക്കുറിച്ചും സൂചിപ്പിച്ചു. മാർത്തോമാ ശ്ലീഹായുടെ പ്രേഷിത വഴികൾ ക്രൈസ്തവരു ടെ വിദ്യാഭ്യാസ സംഭാവനകൾ എ ന്നിവയും എടുത്തുപറഞ്ഞു.തോമാശ്ലീഹായുടെ കാലത്തെ വാണിജ്യ തുറമുഖങ്ങളെകുറിച്ചും, വാണിജ്യ രീതികളെകുറിച്ചും പറയുകയുണ്ടായി.

മാർ ടോണി നീലങ്കാവിൽ പിതാ

വിന്റെ അനുഗ്രഹ പ്രഭാഷണത്തോടെയാണ് മീറ്റിങ്ങ് സമാപിച്ചത്. മദ്യവിരുദ്ധ സമിതി ഡയറക്ടർ ഫാ. ദേവസി പന്തലുകാരൻ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഭയാനകതയെ കുറിച്ച് ബോധ്യപ്പെടുത്തി. സിസ്റ്റർ ഹൃദ്യ SD ഏവർക്കും നന്ദി പറഞ്ഞു.

**എസ് എ ബി എസ്**

രണ്ടാം തിയതി ജനറലേറ്റ് സെനക്കളിൽ വച്ച് നടന്ന Administration, Formation and On Going Formation Advisory Meeting ൽ വികർ പ്രൊവിൻഷ്യൽ സി. മേഴ്സിറ്റ കണ്ണമ്പുഴ, സി. അൽഫോൻസ മൂഞ്ഞേലി എന്നിവർ പങ്കെടുത്തു. വിറ്റർബോയിലെ വി. റോസിന്റെ നാമധാരിയായിരിക്കുന്ന ബ. ജനറാളമ്മ മദർ റോസിലി ജോസ് ഒഴുകയിലിന്റെ നാമഹേതുകതിരുനാളിനോടനുബന്ധിച്ച് സെനക്കിളിൽ നടന്ന വിശുദ്ധ ബലിയിലും സ്നേഹവിരുന്നിലും ബ. പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ സോഫി പെരേപ്പാടന്റെ അഭാവത്തിൽ പ്രൊവിൻഷ്യൽ കൗൺസിലേഴ്സും മറ്റ് സിസ്റ്റേഴ്സും പങ്കെടുത്ത് അമ്മയ്ക്ക് തിരുനാളാശംസകൾ നേർന്നു. ഇറ്റലിയിലെ നാപ്പൊളി ഭവനസമൂഹത്തിൽ തന്റെ ആതുര സേവനശുശ്രൂഷ ആരംഭിക്കുന്നതിനായി സി. അനറ്റ് പറോക്കാരൻ ആറാം തിയതി ഇവിടെ നിന്നും യാത്രയായി. പ്രോവിൻസിന്റെ രജതജൂബിലിയ്ക്ക് ഒരുക്കമായി തൃശൂർ നിർമ്മലമാത, പടവരാട് എസ്. എച്ച്., പടവരാട് ശാന്തി ഭവൻ എന്നീ ഭവനസമൂഹങ്ങളിൽ നടത്തിയ നാല്പതുമണിക്കൂർ ആരാധന നടത്തി. കേരളസഭാനവീകരണത്തിനായി കെസിബിസി ആഹ്വാനം ചെയ്തതനുസരിച്ച് ഒമ്പതാം തിയതി മുതൽ തിരുമണിക്കൂർ ആരാധന നടത്തി മൂന്നു റീത്തിലുംപെട്ട രൂപതകൾക്കു വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നു.

**സി.എസ്.എം**

9-ാം തിയ്യതി മണ്ണംപേട്ട ജനറലേറ്റിൽ വച്ച് വിശ്വാസപരിശീലന രംഗത്തും വിദ്യാഭ്യാസരംഗത്തും പ്രവർത്തിക്കുന്ന സിസ്റ്റേഴ്സിനുവേണ്ടി കോഴ്സ് നടത്തി. 13, 14 തിയ്യതികളിൽ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് സുപ്പീരിയേഴ്സ് കോഴ്സ് നടത്തി. കുരിശിന്റെ പുകഴ്ചയുടെ ദിവസം പ്രൊവിൻസിന്റെ സ്ഥാപനദിനം സമുചിതമായി ആഘോഷിച്ചു. 24-ാം തിയ്യതി പ്രോവിൻസ് തലത്തിൽ ബൈബിൾ ക്വിസ് മത്സരം നടത്തി.

**സി എസ് സി**

സെപ്തംബർ 25, 26 തിയതികളിൽ മുല്ലക്കര ആത്മദർശൻ കോൺവെന്റിൽ വച്ച് ജനറൽ പ്ലീനറി, ജോയന്റ് കൗൺസിൽ മീറ്റിംങ്ങ് നടന്നു.

സ്ഥാപകദിനത്തോടനുബന്ധിച്ച് 13 മണിക്കൂർ ആരാധന ചൊവ്വന്നൂർ സ്ഥാപകവസതിയിൽ (ജോൺ നിവാസ്) വച്ച് ഒക്ടോബർ 2–ാം നടന്നു. മരിയ ഭവൻ ജനറലേറ്റിൽ വച്ച് ഒക്ടോബർ 4–ാം തിയതി ജൂനിയേഴ്സ് ഗ്യാതറിംങ്ങ് നടത്തി. ഒക്ടോബർ 8–ാം തിയതി സ്ഥാപകദിനാനുസ്മരണാർത്ഥം മരിയ ഭവൻ ജനറലേറ്റിൽ മാർ ജേക്കബ് തുങ്കുഴി പിതാവ് ദിവ്യബലി അർപ്പിക്കുകയും തുടർന്ന് പ്രബന്ധാവതരണവും, കവിതാലാപനവും, കഥാപ്രസംഗവും നടത്തി. മരിയ പ്രവശ്യയിലെ ജൂനിയർ സിസ്റ്റേഴ്സിന്റേയും ഫോർമീസിന്റേയും മാതാപിതാക്കൾക്കായി ഒരു സ്നേഹസംഗമം കൂർക്കഞ്ചേരി പ്രവിശ്യാഭവനത്തിൽ സംഘടിപ്പിച്ചു.

**സി.എം.സി.**

സെപ്റ്റംബർ 2–7 വരെ കോലഴി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് നടന്ന വാർഷികധ്യാനത്തിന് റവ ഫാ. ജോസഫ് നെല്ലിക്കാശ്ശേരിയിൽ നേതൃത്വം നൽകി. കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ പ്രോവിൻസ് ഡേ വിവിധ പരിപാടികളോടെ ഘോഷിച്ചു. തലോർ ജറുസലേം ധ്യാനകേന്ദ്രം ഡയറക്ടർ റവ ഫാ. ജോ പാച്ചേരിയിൽ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. കേരളസഭാനവീകരണത്തിനായി പ്രോവിൻസിലെ എല്ലാ ഭവനങ്ങളിലും സെപ്റ്റംബർ 9 മുതൽ 40 ദിവസം സർക്കുലറിൽ നിർദേശിച്ചപ്രകാരം പരിശുദ്ധകുർബാന എഴുന്നള്ളിച്ചുവെച്ച് പ്രാർഥനകൾ നടത്തി.

സെപ്റ്റംബർ 11 മുതൽ ഒക്ടോബർ 6 വരെ പുത്തൂർ സെന്റ് തോമസ് ഇടവകയിൽ പ്രൊവിൻഷ്യൽ കൗൺസിലർ സി. റാണി ജോർജിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തി. എസ്.എച്ച്. ഓഫ് മേരീസ് കണ്ടശ്ശാംകടവ്, ജൂബിലിമിഷൻ ഹോസ്പിറ്റൽ കോൺവെന്റ് തൃശൂർ എന്നീ ഭവനങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ക്രിസ്ലിൻ കാനോനികസന്ദർശനം നടത്തി. സെപ്റ്റംബർ 17 വൊക്കേഷൻ ഡേ ആയി ആചരിച്ചു. ഒല്ലൂർ ഫാറ്റിമ കോൺവെന്റിലെ സി. നോയേൽ സി.എം.സി, മാർട്ടിൻ ലൂഥർ ക്രിസ്ത്യൻ യൂണിവേഴ്സിറ്റി മേഘാലയിൽ നിന്നും സൈക്കോളജിയിൽ Ph D ബിരുദം നേടി.

**എം.എം.ബി.**

രണ്ടാം ക്രിസ്തുവെന്നറിയപ്പെടുന്ന അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ തിരുനാൾ ഒക്ടോബർ 2 ഞായറാഴ്ച രാവിലെ കേരള ഫ്രാൻസിസ്കൻ ഫാമിലി യൂണിയൻ തൃശൂർ ഘടകത്തിന്റെ നേതൃത്വത്തിൽ മരിയാപുരം മിഷൻഹോം എൽ. പി. സ്കൂളിൽ വച്ച് നടത്തി. രാവി

ലെ തെരുവോരങ്ങളിലെ അഗതികളെ കൊണ്ടുവന്ന് അവർക്കാവശ്യമായ ശുശ്രൂഷകൾ നൽകി. ഉച്ചതിരിഞ്ഞ് നടന്ന പൊതുസമ്മേളനം തൃശൂർ അതിരൂപതാ വികാരി ജനറാൾ മോൺ. ജോസ് കോനിക്കര ഉദ്ഘാടനം ചെയ്തു. കപ്പൂച്ചിൻ സെന്റ് തോമസ് പ്രൊവിൻസ് പ്രൊവിൻഷ്യൽ സുപ്പീരിയർ വെരി റവ. ഫാ. പോളി മാടശ്ശേരി മുഖ്യപ്രഭാഷണം നടത്തി. എം. എം. ബി. സുപ്പീരിയർ ജനറൽ വെരി റവ. ബ്രദർ ബാസ്റ്റിൻ കാരുവേലിൽ, എഫ്. സി. സി. അസ്സീസി പ്രൊവിൻസ് പ്രൊവിൻഷ്യൽ സുപ്പീരിയർ വെരി റവ. സി. ലിറ്റിൽ മരിയ, എം. എം. ബി. സെന്റ് തോമസ് പ്രൊവിൻസ് പ്രൊവിൻഷ്യൽ സുപ്പീരിയർ വെരി റവ. ബ്രദർ ജോസ് ചുങ്കത്ത്, പൂത്തോൾ കാൽവരി ആശ്രമം സുപ്പീരിയർ റവ. ഫാ. ജെയ്സൺ കാളൻ കപ്പൂച്ചിൻ തുടങ്ങിയവർ പ്രസംഗിച്ചു.

**എഫ്.സി.സി.**

തൃശൂർ എം. ഐ കോൺവെന്റിൽ വച്ച് സെപ്റ്റംബർ 2 മുതൽ 7 വരെ ബഹു. റവ ഫാ. ബിജു കൂനൻ VC ന്റെ നേതൃത്വത്തിൽ സിസ്റ്റേഴ്സിനായി വാർഷിക ധ്യാനം നടത്തി. സെപ്റ്റംബർ 3 മുതൽ 11 വരെ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ലോക്കൽ സുപ്പീരിയേഴ്സിനായുള്ള നിയമാവലി ധ്യാനം നടത്തി. സെപ്റ്റംബർ 15 ന് തൃശൂർ സെന്റ് ക്ലെയേഴ്സ് ഹയർ സെക്കണ്ടറി സ്ക്കൂളിന്റെ രജത ജൂബിലിവർഷം പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റിൽ മേരി പ്രഖ്യാപിച്ചു. കുട്ടംകുളം ആബ്ബാ കോൺവെന്റിൽ 8 അർത്ഥിനികൾ വി. ഫ്രാൻസീസ് അസ്സീസിയുടെ മുറിവേറ്റ തിരുന്നാൾ ദിനമായ സെപ്റ്റംബർ 17–ാം തീയതി പ്രീ പോസ്റ്റുലൻസി Phase-ലേക്ക് ഔദ്യോഗികമായി പ്രവേശിച്ചു.

സുപ്പീരിയർ ജനറൽ ബഹു. സി. ലിറ്റിയുടെ നാമഹേതുക തിരുനാളിനോടനുബന്ധിച്ചു ആലുവ പോർസ്യുങ്കുളായിൽ നടന്ന ആഘോഷപരിപാടികളിൽ അസി പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ഫോൺസി മരിയ, പ്രൊവിൻഷ്യൽ കൗൺസിലർ സി. അൻസ ജോൺ എന്നിവർ പങ്കെടുക്കുകയും ബഹു. ജനറാളമ്മയ്ക്കു തിരുനാൾ മംഗളങ്ങൾ ആശംസിക്കുകയും ചെയ്തു.

## ആദരാഞ്ജലികൾ



14.09.2022 എഫ്.സി.സി ഗുരുവായൂർ ലിസ്യു ഭവനാംഗമായ ബ. സി. ആഗ്നസ് തട്ടിൽ സെപ്റ്റംബർ 14–ാം തീയതി ഉച്ചക്ക് 12.15 ന് നിത്യതയിലേക്ക് നിര്യാതയായി. 15–ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ ജോസ് കോനിക്കരയുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തപ്പെട്ടു.



26/9/2022 സി.എസ്.എം ഹോളിസ്പിരിറ്റ് ഭവനാംഗമായ സി. അനസ്താസിയ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ സംസ്കാരശുശ്രൂഷകൾ നടത്തപ്പെട്ടു.

**സി. സോഫി പെരേപ്പാടൻ**
**എസ്.എ.ബി.എസ്.**
പ്രസിഡണ്ട്

**സി. ലെത്തീസിയ എസ്. എം.സി.**
സെക്രട്ടറി

**സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അവനു ശിക്ഷാവിധി ഉണ്ടാകുന്നില്ല. പ്രത്യുത, അവൻ മരണത്തിൽനിന്നു ജീവനിലേക്കു കടന്നിരിക്കുന്നു**

യോഹന്നാൻ 5 : 24

# മാർ തോമ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന കേന്ദ്രം, പാലയൂർ

**ലഹരി വിരുദ്ധ സന്ദേശ യാത്ര**

തൃശ്ശൂർ അതിരൂപത കെ സി ബി സി മദ്യ വിരുദ്ധ സമിതിയുടെ രജത ജൂബിലിയോടാനുബന്ധിച്ച് ഒക്ടോബർ 2,3, തീയതികളിലായി സംഘടിപ്പിച്ച ലഹരി വിരുദ്ധ സന്ദേശ യാത്ര പാലയൂർ മാർ തോമാ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥ കേന്ദ്രത്തിൽ സമാപിച്ചു.കെ സി ബി സി മദ്യ വിരുദ്ധ സമിതി തൃശ്ശൂർ അതിരൂപത ഡയറക്ടർ ഡോ ഫാ ദേവസി പന്തല്ലൂക്കാരൻ സമാപന യോഗത്തിന് അധ്യക്ഷത വഹിച്ചു.സന്ദേശ യാത്രയുടെ സമാപന യോഗത്തിന് തീർത്ഥ കേന്ദ്രം ആർച്ച് പ്രീസ്റ്റ് റവ.ഡോ.ഡേവിസ് കണ്ണമ്പുഴ സ്വാഗതം പറഞ്ഞു. സമാപന യോഗം പി ഐ ലാസർ മാസ്റ്റർ ഉദ്ഘാടനം ചെയ്തു.തീർത്ഥ കേന്ദ്രം അസി വികാരി ഫാ മിഥുൻ വടക്കേത്തല ആശംസ പ്രസംഗം നടത്തി. ജാഥ ക്യാപ്ടൻ അഗസ്റ്റിൻ ജോസഫ് നന്ദി അറിയിച്ചു.

**ഫാ. ഡേവിസ് കണ്ണമ്പുഴ**
ആർച്ച് പ്രീസ്റ്റ്

**സ്ഥാപനാധികാരികളുടെ സംഗമവും ആദരിക്കലും**

തൃശൂർ : പുല്ലഴി സെ. ജോസഫ്സ് മെന്റൽ ഹെൽത്ത് കെയർ ഹോം പേൾ ജൂബിലി പ്രമാണിച്ച് തൃശൂർ ജില്ലയിൽ മാനസികാരോഗ്യകേന്ദ്ര ങ്ങൾ നടത്തുന്ന അധികാരികളുടെ ഒരു സംഗമം നവംബർ 20 ഞായറാഴ്ച രാവിലെ 10 ന് നടത്തുന്നതാണ്. സ്ഥാപനങ്ങളുടെ നടത്തിപ്പുമായി ബന്ധ പ്പെട്ട ചർച്ചകളും അധികാരികളെ ആദരിക്കലും ഈ ചടങ്ങിൽ വെച്ച് ഉണ്ടാകും. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നവംബർ 10 ന് മുമ്പ് ഡയ റക്ടർ ഫാ. രാജു അക്കര ഫോ: 9995639111 എന്ന നമ്പറിൽ ബന്ധപ്പെടേ ണ്ടതാണ്

**മാനസികരോഗികളുടെ മക്കൾക്ക് പഠനസഹായം നല്കുന്നു**

തൃശൂർ : പുല്ലഴി സെ. ജോസഫ്സ് മെന്റൽ ഹെൽത്ത് കെയർ ഹോം പേൾ ജൂബിലി പ്രമാണിച്ച് തൃശൂർ അതിരൂപതയിലെ മാനസിക രോഗി കളായ മാതാപിതാക്കളുടെ മക്കൾക്ക് പഠനസഹായം നല്കുന്നതിന് നിശ്ചിതഫാറത്തിലുള്ള അപേക്ഷകൾ ക്ഷണിച്ചു .വിവരങ്ങൾക്ക് ഫാ. രാജു അക്കര, ഡയറക്ടർ ഫോ: 9995639111 എന്ന വിലാസത്തിൽ ബന്ധ പ്പെടാവുന്നതാണ്. നവംബർ 20 ന് മുമ്പ് അപേക്ഷ ലഭിക്കേണ്ടതാണ്.

**ഫാ. രാജു അക്കര**, ഡയറക്ടർ

# സാമ്പത്തിക കാര്യാലയം

**1. സമ്മാനദാനം**

2020–2021 വർഷത്തെ പൊതുകവർ പിരിവിൽ സമ്മാനാർഹമായ ഇടവകകൾക്ക് അഭിനന്ദനങ്ങൾ. വീടുകളുടെ അടിസ്ഥാനത്തിലും ഏറ്റവും കൂടുതൽ സംഖ്യ പിരിച്ചെടുത്ത ഇടവകകളുടെ അടിസ്ഥാനത്തിലുമാണ് ട്രോഫികൾ നേടിയിട്ടുള്ളത്. ത്യാഗപൂർവ്വം സംഭാവന നൽകുന്നതിൽ ഉദാരമനസ്ക്കരായ ഏവരേയും നന്ദിപൂർവ്വം സ്മരിക്കുന്നു. ഇതിനു നേതൃത്വം നൽകിയ ബഹു.വൈദികർക്കും കൈക്കാരന്മാർക്കും കുടുംബക്കൂട്ടായ്മ ഭാരവാഹികൾക്കും ഇടവകാംഗങ്ങൾക്കും സ്റ്റാഫ് അംഗങ്ങൾക്കും സഹകരിച്ച എല്ലാവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

**സമ്മാനാർഹരായ ഇടവകകൾ**

| ഇനം | സ്ഥാനം | ഇടവക | വീടുകളുടെ എണ്ണം | മൊത്തം സംഖ്യ | ശരാശരി സംഖ്യ |
|---|---|---|---|---|---|
| പൊതു കവർ 2020–2021 | I | തണ്ടിലം | 189 | 88111 | 466.19 |
| | II | അമ്മാടം | 984 | 355725 | 361.50 |
| | III | ഇയ്യാൽ | 124 | 44495 | 358.83 |

| ഇനം | സ്ഥാനം | ഇടവക | സംഖ്യ |
|---|---|---|---|
| പൊതു | I | പാവറട്ടി | 646751.00 |
| കവർ | II | ഒല്ലൂർ | 484795.00 |
| 2020–2021 | III | കുരിയച്ചിറ | 450624.00 |

**2. തെരട്ട് സമർപ്പിക്കൽ**

ഇടവകകൾ തെരട്ട് സമർപ്പിക്കുന്നതിന് നിശ്ചയിക്കപ്പെട്ട സമയപരിധി കഴിഞ്ഞിരിക്കുകയാണ്. ഈ പ്രത്യേക സാഹചര്യത്തിൽ ഇനിയും തെരട്ട് സമർപ്പിക്കാത്ത ഇടവകകൾ ഉണ്ടെങ്കിൽ എത്രയും വേഗം അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ തെരട്ട് സമർപ്പിക്കേണ്ട കാര്യം ഓർമ്മപ്പെടുത്തുന്നു.

**ഫാ. വർഗീസ് കുത്തൂർ**
ഫിനാൻസ് ഓഫീസർ

**ഫാ. ലിൻസൻ തട്ടിൽ**
അസി. ഫിനാൻസ് ഓഫീസർ

**യേശു പ്രതിവചിച്ചു: ഇതിനു വേണ്ടിയാണു ഞാൻ ജനിച്ചത്. ഇതിനുവേണ്ടിയാണ് ഞാൻ ഈ ലോകത്തിലേക്കു വന്നതും - സത്യത്തിനു സാക്ഷ്യം നൽകാൻ. സത്യത്തിൽനിന്നുള്ളവൻ എന്റെ സ്വരം കേൾക്കുന്നു**

***യോഹ. 18:37***

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

മിശിഹായിൽ പ്രിയ കുഞ്ഞുമക്കളെ,

നിങ്ങൾക്കെല്ലാവർക്കും സുഖംതന്നെയെന്ന് വിശ്വസിക്കുന്നു. പഠനവും സ്കൂൾ ജീവിതവുമായി തിരക്കുപിടിച്ച ദിവസങ്ങളും അതിനിടയിൽ വീണുകിട്ടുന്ന അവധികളും നിങ്ങൾ ആസ്വദിക്കുന്നുണ്ടാകും. ഈ തിരക്കുകൾക്കിടയിലും ദൈവത്തെയും ദൈവീക മൂല്യങ്ങളെയും മറന്നുള്ള ഒരു ജീവിതം നമുക്കുണ്ടാകരുത്. വിശുദ്ധ കുർബാനയും വിശുദ്ധ കുമ്പസാരവും നിങ്ങൾ മുടക്കരുത്. എത്രമാത്രം പഠിക്കാൻ ഉണ്ടെങ്കിലും കുടുംബ പ്രാർത്ഥന മാറ്റിവയ്ക്കരുത്. ദൈവത്തോട് ചേർന്നുനിന്ന് നമ്മുടെ ജീവിതം നയിക്കുമ്പോൾ അത് നൂറുമേനി ഫലം നൽകും. ഈശോയെ കുറിച്ച് വിശുദ്ധ ഗ്രന്ഥം പറയുന്നതുപോലെ പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നു'(ലൂക്ക. 2:52 )വരുവാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. നവംബർ മാസം മരിച്ചു പോയവരെ പ്രത്യേകം ഓർക്കുന്ന മാസമാണ്. നമ്മുടെ ഭവനങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും മരിച്ചു പോയവരെ നാം ഓർക്കുകയും അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും വേണം. കുഞ്ഞുങ്ങളായ നിങ്ങളുടെ പ്രാർത്ഥനയ്ക്ക് ദൈവം വേഗം ഉത്തരം നൽകും. അതിനാൽ മരിച്ചുപോയ നമ്മുടെ പ്രിയപ്പെട്ടവരെ ദൈവത്തിന്റെ കരങ്ങളിൽ സമർപ്പിക്കുകയും അവരുടെ കുറ്റങ്ങളും കുറവുകളും ക്ഷമിച്ച് സ്വർഗ്ഗത്തിലേക്ക് പ്രവേശിപ്പിക്കണമേ എന്ന് പ്രാർത്ഥിക്കുകയും വേണം. ഈ മാസം മുഴുവൻ വിശദ്ധ ബലിയിൽ സംബന്ധിച്ച് മരിച്ചവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നത് നല്ലതാണ്. അതോടൊപ്പം ഓരോ ദിവസവും കുടുംബ പ്രാർത്ഥന കഴിഞ്ഞ് നമ്മുടെ കുടുംബത്തിൽ നിന്നും മൺമറഞ്ഞു പോയവരെ ഓർത്ത് 'മരിച്ച വിശ്വാസികളുടെ ആത്മാക്കൾക്ക്... എന്ന പ്രാർത്ഥന ചൊല്ലുന്നതും നല്ലതാണ്.

നവംബർ 30-ാം തീയതി കത്തോലിക്കാ സഭയിൽ വിശുദ്ധ അന്ത്രയോസ് ശ്ലീഹായുടെ തിരുനാൾ ആഘോഷിക്കുകയാണ്. ഈശോയെ അനുഗമിച്ച ആദ്യ ശിഷ്യന്മാരിൽ ഒരാളാണ് ഈ വിശുദ്ധൻ.

ഈശോ പോകുന്നിടത്തെല്ലാം ഈശോയെ അനുഗമിച്ച ഇദ്ദേഹം തന്റെ ഗുരുവിനെപ്പോലെ കുരിശിൽ തൂങ്ങിയാണ് മരിച്ചതും. ഏത് പ്രതികൂല സാഹചര്യത്തിലും ഈശോയെ തള്ളി പറയാതെ വിശ്വസ്തതയോടെ അനുഗമിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണേ എന്ന് ഈ വിശുദ്ധനോട് നാം പ്രാർത്ഥിക്കണം. അതുപോലെ ഞാൻ ഏറ്റെടുത്തിരിക്കുന്ന ഉത്തരവാദിത്വങ്ങൾ ദൈവകൃപയിൽ നന്നായി പൂർത്തിയാക്കാൻ നിങ്ങളുടെ പ്രാർത്ഥന ഞാൻ പ്രത്യേകം യാചിക്കുന്നു.

ഒരിക്കൽ കൂടി ദൈവത്തിൻറെ എല്ലാ അനുഗ്രഹങ്ങളും നിങ്ങൾക്ക് ഓരോരുത്തർക്കും ആശംസിച്ചുകൊണ്ട് നിർത്തട്ടെ,

മിശിഹായിൽ സ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസ പരിശീലനകേന്ദ്ര വാർത്തകൾ

ഏറെ ത്യാഗവും ഔദാര്യവും കാഴ്ചവയ്ക്കുന്ന വിശ്വാസപരിശീലകരെ ആദരവോടും നന്ദിയോടും കൂടെ പ്രത്യേകമായി ഓർക്കുന്നു. നമ്മുടെ സ്വർഗ്ഗീയമധ്യസ്ഥനായ വി. ചാൾസ് ബൊറോമിയായുടെ തിരുനാളും വിശ്വാസപരിശീലനദിനാചരണവും നമുക്ക് കൂടുതൽ അനുഗ്രഹം പകരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**1. വി. ചാൾസ് ബൊറോമിയായുടെ തിരുനാൾ**

നവംബർ 4–ാം തിയതി വി. ചാൾസ് ബൊറോമിയായുടെ തിരുനാൾ (Patron of Catechists) തിരുസഭയിൽ ആചരിക്കുന്നു. ഈ തിരുനാൾ നവംബർ 6–ാം തിയ്യതി ഞായറാഴ്ച്ച യൂണിറ്റുകളിൽ സമുചിതമായി ആഘോഷിക്കുന്നു. അന്നേദിവസം സ്റ്റാഫ് മീറ്റിംഗ്, അധ്യാപകരെ ആദരിക്കൽ എന്നിവ നടത്തേണ്ടതാണ്.

**2. മാർക്ക് എൻട്രിയും ഹാജരും**

നവംബർ 14 നുള്ളിൽ നവംബർ 7 വരെയുള്ള ഹാജരും മാർക്ക് എൻട്രിയും സോഫ്റ്റ് വെയറിൽ ചെയ്യേണ്ടതാണ്. നവംബർ 14 നു ശേഷം നവംബർ 7 വരെയുള്ള ഹാജർ സോഫ്റ്റ് വെയറിൽ ചെയ്യാൻ സാധിക്കുന്നതല്ല. മാർക്ക് എൻട്രി ചെയ്യുന്നതിനു മുമ്പ് അതുവരെയുള്ള ഹാജർ സോഫ്റ്റ് വെയറിൽ ചെയ്താൽ മാത്രമെ മാർക്ക് എൻട്രി ചെയ്യുവാൻ സാധിക്കുകയുള്ളു. 12, എ.സി.സി. വിദ്യാർത്ഥികളുടെ മാർക്ക് എൻട്രിയും റി എക്സാം റജിസ്ട്രേഷനും നവംബർ 14 നുള്ളിൽ പൂർത്തിയാക്കേണ്ടതാണ്. സോഫ്റ്റ് വെയറിൽ നിന്നുമാണ് റിഎക്സാമിനുള്ള വിദ്യാർത്ഥികളുടെ എണ്ണം എടുക്കുന്നത്.

**3. പുനഃപരീക്ഷ** – നവംബർ 20 ന് ഉച്ചതിരിഞ്ഞ് 2 മുതൽ 4 വരെ യൂണിറ്റുകളിൽ നടത്തുന്നു. 12, അഇഇ ക്ലാസ്സുകളിലെ ചോദ്യപേപ്പർ നവംബർ 14 മുതൽ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്ന് കൊണ്ടുപോകാവുന്നതാണ്. മറ്റു ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള ചോദ്യപേപ്പർ യൂണിറ്റിൽ തന്നെ തയ്യാറാക്കേണ്ടതാണ്.

**4.** SMCC**:** യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് നവംബർ 6–ാം തിയതി ഏകദിന ക്യാമ്പ് ഉആഇഘഇ യിൽ വെച്ച് നടക്കുന്നു. സമയം 9 മുതൽ 4.30 വരെ ഏകദിന ക്യാമ്പിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് നവംബർ 11 മുതൽ 13 വരെ ഡിബിസിഎൽസിയിൽ ത്രിദിന ക്യാമ്പ് നടക്കുന്നു.

**5. ബേസിക് സി ടി സി –** (വിവാഹിതരായ വിശ്വാസപരിശീലകർക്ക് പ്രായപരിധിയില്ലാതെ) നവംബർ 18–20, 25–27 തിയതികളിൽ നടക്കുന്നു. ഈ തിയതികളിൽ സംബന്ധിക്കുന്നവർ സോഫ്റ്റ് വെയറിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് – 400/–. മേൽപറഞ്ഞ ദിവസങ്ങളിൽ വെള്ളിയാഴ്ച 5 pm മുതൽ ഞായറാഴ്ച്ച 5 pm വരെ.

30 വയസ്സിനു താഴെയുള്ള അവിവാഹിതരായ വിശ്വാസപരിശീലകർ ക്രിസ്ഫോം III കോഴ്സിലാണ് രജിസ്റ്റർ ചെയ്യേണ്ടത്. ഈ കോഴ്സ് സിടിസി കോഴ്സിന് തത്തുല്യമായിരിക്കും. സിടിസി സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

**6. മിശിഹായുടെ രാജത്വത്തിരുനാൾ – നവംബർ 20 ഞായർ**

യൂണിറ്റുകളിൽ പതാക ഉയർത്തി ആഘോഷമായ ദിവ്യബലിയോടും മറ്റും കൂടി ഈ തിരുനാൾ സമുചിതമായി ആഘോഷിക്കുന്നത്, 'യേശു രാജാധിരാജനാണ്' എന്നത് കുട്ടികളുടെ മനസ്സിൽ ആഴമായി പതിയുന്നതിന് സഹായകമായിരിക്കും. ഇതോടനുബന്ധിച്ച് റാലിയും മറ്റും നടത്തുന്നത് ഉചിതമാണ്.

**7. ആപ്റ്റിറ്റ്യൂഡ് പരീക്ഷ 2022 – 23**

യൂണിറ്റ് തലം – 2022 ഡിസംബർ 4, ഞായർ – 03.00 PM 04.30 PM

പാഠ്യഭാഗം: 1. സീറോമലബാർ സഭയുടെ നവീകരിച്ച കുർബാന ക്രമം വിശ്വാസികൾക്കുള്ള പരിശീലനം ഈ പുസ്തകത്തിന്റെ മുഴുവൻ ഭാഗത്തുനിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും. 2. കത്തോലിക്കാസഭ പത്രത്തിലെ ദർശനം പേജിലെ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നുള്ള ലേഖനം (2022 ജൂൺ മുതൽ നവംബർ ഉൾപ്പെടെ)

അതിരൂപതാതലം : 2023 ജനുവരി 1, ഞായർ– 02.30 PM 04.30 PM , DBCLC

അധികപാഠ്യഭാഗം : വെളിപാട് 4,5,6 അധ്യായങ്ങൾ

ആപ്റ്റിറ്റ്യൂഡ് പുനഃപരീക്ഷ : യൂണിറ്റുകളിൽ 2023 ജനുവരി 1, ഞായർ– 03.00 PM 04.30 PM.

പരീക്ഷ എഴുതാൻ സാധിക്കാത്തവർക്കും തോറ്റവർക്കും

**8. ക്രിസ്ഫോം** I, II, III

എസിസി വിദ്യാർത്ഥികൾക്കും, യുവ അധ്യാപകർക്കുമായി നടത്തുന്ന ക്രിസ്ഫോം നല്ല രീതിയിൽ നടന്നു കൊണ്ടിരിക്കുന്നു. ഇനിയും പങ്കെടുക്കാനുള്ള വിദ്യാർത്ഥികളേയും യുവ അധ്യാപകരേയും പങ്കെടുപ്പിക്കാൻ അധികൃതർ ശ്രദ്ധിക്കുമല്ലോ.

ക്രിസ്ഫോം I : എസിസി ഫസ്റ്റ് ഇയർ വിദ്യാർത്ഥികൾക്കായി രണ്ടാം ശനിയാഴ്ച്ച ഒഴിച്ചുള്ള എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചതിരിഞ്ഞ് 6 മണിക്ക് ആരംഭിച്ച് ഞായർ 5 മണിക്ക് അവസാനിക്കുന്നു. പരമാവധി 40 പേർക്കു മാത്രമേ ഒരു കോഴ്സിൽ അവസരമുണ്ടായിരിക്കുകയുള്ളൂ. ഒരു യൂണിറ്റിൽ നിന്നും ഒരാഴ്ച്ചയിൽ പരമാവധി മുന്നു പേരേ മാത്രം പങ്കെടുപ്പിക്കുക. ക്രിസ്ഫോം ൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കായി എല്ലാ മാസവും രണ്ടാംശനിയാഴ്ചകളിൽ ഉച്ചതിരിഞ്ഞ് രണ്ടു മുതൽ അഞ്ച് വരെ ഫോളോ അപ്പ് പ്രോഗ്രാം നടക്കുന്നുണ്ട്.

ക്രിസ്ഫോം II : എസിസി രണ്ടും മൂന്നും വർഷക്കാർക്കായി ഒരു വർഷം മുഴുവൻ എല്ലാ രണ്ടാമത്തെ വെള്ളി, ശനി, ഞായർ ദിവസങ്ങ ളിൽ ഒരേ ബാച്ച് തന്നെ പങ്കെടുക്കുന്നു. മുപ്പതോളം പേരാണ് ഈ കോഴ്സിൽ പങ്കെടുക്കുന്നത്.

ക്രിസ്ഫോം III: യുവ അധ്യാപകർക്കുള്ള (30 വയസ്സിനു താഴെയുള്ള അവിവാഹിതരായവർ) പരിശീലനകോഴ്സാണ് ക്രിസ്ഫോം III. ഈ പരിശീലനത്തിൽ എല്ലാ ആഴ്ചയിലും 40 പേർക്ക് പങ്കെടുക്കാം. ഒരു ഇടവകയിൽ നിന്ന് ഒന്നോ രണ്ടോ പേർക്ക് പരമാവധി പങ്കെടുക്കം. ക്രിസ്ഫോം I നടക്കുന്ന ആഴ്ചയിൽ മാത്രമേ ക്രിസ്ഫോം III യും ഉണ്ടായിരിക്കുകയുള്ളു. ഈ കോഴ്സിൽ പങ്കെടുക്കുന്നവർക്ക് ബേസിക്

സിടിസി സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

**9. വചനാഗ്നി ഫോളോ അപ്പ്**

വചനാഗ്നി ധ്യാനത്തിൽ പങ്കെടുത്തവർക്ക് ഫോളോ അപ്പ് എല്ലാ മാസവും നടക്കുന്നു. പൂർണ്ണതാത്പര്യവും ആഗ്രഹവും ഉള്ളവർ പങ്കെടുക്കുമല്ലോ.

**10. അവാർഡ് ഡേ:** സർവ്വീസ് അവാർഡ്, റിട്ടയർ ചെയ്ത അധ്യാപകർക്കുള്ള ആദരം, മുടങ്ങാതെ വന്ന അധ്യാപകർക്കുള്ള അവാർഡ്, മോഡൽ യൂണിറ്റുകൾ, ബെസ്റ്റ് മോഡൽ യൂണിറ്റ് എന്നിവ 2023 ജനുവരി 26 ന് നടത്തുന്ന അവാർഡ് ദിനത്തിൽ നടത്തുന്നതാണ്.

a). സർവീസ് അവാർഡ്

അർഹത ഉണ്ടായിരുന്നിട്ടും മുൻവർഷങ്ങളിൽ അവ ലഭിക്കാതിരുന്നവർ ഉണ്ടെങ്കിൽ കാരണസഹിതമുള്ള അപേക്ഷ, വികാരിയച്ചന്റെ ശുപാർശയോടെ വിശ്വാസപരിശീലനകേന്ദ്രത്തിൽ നൽകേണ്ടതാണ്. ഈ വർഷത്തെ സർവ്വീസ് അവാർഡിനുള്ളവരുടെ പേരുവിവരം സോഫ്റ്റ് വെയറിൽ നിന്നുമാണ് എടുക്കുക. എല്ലാ അധ്യാപകരുടേയും സർവ്വീസ് വിവരങ്ങൾ സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

b). മുടങ്ങാതെ വന്ന അധ്യാപകർക്കുള്ള അവാർഡ്: 2021–2022 അധ്യയന വർഷം വരെ 10, 20, 30 വർഷങ്ങൾ മുടങ്ങാതെ വന്നിട്ടുള്ള അധ്യാപകരുടെ പേരുവിവരങ്ങളും ഫോട്ടോയും വികാരിയച്ചന്റെ ശുപാർശയോടുകൂടി വിശ്വാസപരിശീലനകേന്ദ്രത്തിൽ നവംബർ 28 നുള്ളിൽ നൽകേണ്ടതാണ്.

c). റിട്ടയേർഡ് അധ്യാപർക്കുള്ള ആദരം

ഈ വർഷം വിശ്വാസപരിശീലനത്തിൽ നിന്നും 65 വയസ്സായി വിരമിച്ചവരുടെ പേരുവിവരങ്ങളും ഫോട്ടോയും വികാരിയച്ചന്റെ ശുപാർശയോടുകൂടി വിശ്വാസപരിശീലനകേന്ദ്രത്തിൽ നവംബർ 28 നുള്ളിൽ നൽകേണ്ടതാണ്.

സ്നേഹപൂർവ്വം,

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY

**TRICHUR D B C L C**

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. B.A. in Theology and Religious Studies (Three Years)** (affiliated to Katholicke Universiteit, Leuven, Belgium):

- ആദ്യസെമസ്റ്ററിലെ ക്ലാസ്സുകൾ വളരെ ഭംഗിയായി അവസാനിച്ചു. ആദ്യസെമസ്റ്റർ പരീക്ഷ നടന്നു കൊണ്ടിരിക്കുന്നു.

**2. Certificate Course in Theology (One Year)** (affiliated to Chair for Christian Studies and Research, Calicut University)

- ഒക്ടോബർ 02, ഒക്ടോബർ 23 തിയ്യതികളിൽ 2022–2023 ബാച്ചുക്കാരുടെ കേരളത്തിലെ ക്രൈസ്തവസഭകൾ (Rev. Dr. Demin Tharayil), ആദ്ധ്യാത്മിക ദൈവശാസ്ത്രം (Rev. Fr. Dijo Olakkengil) എന്ന വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**3. Course on Theology of Family (One and Half Years)**

- Ethical Issues (Rev. Dr. Denny Thanikal) എന്ന വിഷയത്തിന്റെ ക്ലാസ്സ് ഒക്ടോബർ 23 ന് നടന്നു.

**4. Advanced Certificate Course in Theology (Six Months)** (affiliated to Chair for Christian Studies and Research, Calicut University):

- സന്യാസിനിമാർക്കുള്ള ഈ വർഷത്തെ Advanced Certificate Course ന്റെ Second Semester ക്ലാസ്സുകൾ മേരിമാതാ മേജർ സെമിനാരിയിൽ നടന്നു കൊണ്ടിരിക്കുന്നു.

**5. Online Certificate Course in Theology (Two Years)** (affiliated to Chair for Christian Studies and Research, Calicut University)

- കൗദാശിക ദൈവശാസ്ത്രം (Rev. Dr. Bilju Vazhzppilly) എന്ന വിഷയത്തിന്റെ ക്ലാസ്സ് ഒക്ടോബർ 30 ന് നടന്നു.

**6. Basic CTC & Advanced CTC**

- നവംബർ 18–20, നവംബർ 25–27, തിയതികളിൽ ബേസിക്ക് സി ടി സി ക്ലാസ്സുകൾ നടക്കുന്നു.

### 7. Basic Bible Course (BBC)

- റവ. ഡോ. ലിൻസൻ തട്ടിൽ, ശ്രീ. ജോസഫ് പാറന്നൂർ ക്ലാസ്സുകൾ നയിക്കുന്നു.

**ഫാ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

## എക്സൽ അക്കാദമി

### K TET Course ( Kerala Teachers Eligibility Test)

എക്സൽ അക്കാദമിയുടെ K TET Course പതിനഞ്ചാമത്തെ ബാച്ചിലേക്കുള്ള അഡ്മിഷൻ, ഒക്ടോബർ 31–ാം തിയതി ആരംഭിക്കും. 1,2,3,4 കാറ്റഗറിയിലുള്ള വിദ്യാർത്ഥികൾക്ക് (TTC, B.Ed) അഡ്മിഷൻ എടുക്കാവുന്നതാണ്.

### Excel Foundation Course

എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ DBCLC കാമ്പസ്സിൽ വെച്ച് നടക്കുന്ന എക്സൽ ഫൗണ്ടേഷൻ കോഴ്സ് (8,9,10,11,12 Std.), 2022–23 പുതിയ ബാച്ചിന്റെ ക്ലാസ്സുകൾ ആരംഭിച്ചു. സയൻസ്, സിവിൽ സർവ്വീസ് എന്നീ രണ്ടു വിഭാഗങ്ങളിൽ ക്ലാസ്സുകൾ നടന്നുകൊണ്ടിരിക്കുന്നു. അഡ്മിഷൻ തുടരുന്നു.

### KER /KSR Course

KER /KSR കോഴ്സിന്റെ പുതിയ ബാച്ച് അഡ്മിഷൻ, ഒക്ടോബർ 31–ാം തിയതി ആരംഭിക്കും.

### Excel Career Guidence Programme

എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ എക്സൽ കരിയർ ഗൈഡൻസ് പ്രോഗ്രാം നടന്നുകൊണ്ടിരിക്കുന്നു. മോട്ടിവേഷൻ സ്പീക്കർ, കാരിയർ ഗുരു, പ്രഗൽഭരായ അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു. താത്പര്യമുള്ള സ്ഥാപനങ്ങൾ, ഇടവകകൾ എക്സൽ അക്കാദമിയുമായി ബന്ധപ്പെടേണ്ടതാണ്.

### PSCസൗജന്യപരിശീലനം

കേരളസർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ PSC സൗജന്യ പരിശീലനത്തിന്റെ പുതിയബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭി

ച്ചിരിക്കുന്നു. കേരളസർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ സബ്സെന്റ റായി പ്രവർത്തിക്കുന്ന, എക്സൽ അക്കാദമിയിൽ രണ്ടാം ശനിയാഴ്ച കളിലും, ഞായറാഴ്ചകളിലും സൗജന്യ PSC ക്ലാസ്സുകൾ നടക്കുന്നു. അഡ്മിഷൻ തുടരുന്നു. ക്രിസ്ത്യൻ സമുദായത്തിന് സർക്കാർ നൽകുന്ന ആനുകൂല്യമാണ് ന്യൂനപക്ഷവകുപ്പിന്റെ സൗജന്യ PSC പരിശീലന ക്ലാസ്സുകൾ. അക്കാര്യം മനസ്സിലാക്കി എല്ലാ ഇടവകകളിലും ഇക്കാര്യം അറിയിക്കണമെന്ന് താത്പര്യപ്പെടുന്നു.

**മാണി കെ. പീറ്റർ**
അക്കാദമിക്ക് ഹെഡ്

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

# മേരിമാത മേജർ സെമിനാരി

**വാർഷികധ്യാനം**

2022–2023 അദ്ധ്യയനവർഷത്തിലെ വാർഷികധ്യാനം ഒക്ടോബർ 10 മുതൽ 15 ഉൾപ്പെടെയുള്ള ദിവസങ്ങളിൽ നടന്നു. സെമിനാരി കുടുംബത്തിന്റെ ആത്മീയോന്നമനത്തിന് വാർഷികധ്യാനം ഏറെ ഉപകരിച്ചു. വൈദികരാകാൻ വിളിക്കപ്പെട്ടതിൽ സന്തോഷിക്കുകയും അഭിമാനിക്കുകയും ചെയ്തുകൊണ്ട് തീക്ഷ്ണതയോടെ ആഴമുള്ള ആത്മീയതയിൽ അനുദിനം വളരണമെന്ന് ധ്യാനഗുരു റവ. ഫാ. അനൂപ് മുണ്ടയ്ക്കൽ C.Ss.R. ഉദ്ബോധിപ്പിച്ചു.

**പരിശുദ്ധ അമ്മയോടൊപ്പം**

സെമിനാരിയുടെ രജതജൂബിലിയോടനുബന്ധിച്ച് ഒക്ടോബർ മാസത്തിലെ ഓരോ ദിവസവും 'സെമിനാരി കുടുംബം ക്രിസ്തുവിൽ പരിപൂർണമാക്കപ്പെടട്ടെ' എന്ന നിയോഗം സമർപ്പിച്ച് പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം തേടി നിർദ്ദിഷ്ട വൈദികർക്കും വൈദികവിദ്യാർത്ഥികൾക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു.

**അദ്ധ്യയനവർഷത്തിന്റെ രണ്ടാംപാദം**

Work Exposure പ്രോഗ്രാമിനും അവധിക്കാലത്തിനും വാർഷികധ്യാനത്തിനും ശേഷം അദ്ധ്യയനവർഷത്തിലെ രണ്ടാം സെമസ്റ്ററിലെ ക്ലാസ്സുകൾ ഒക്ടോബർ 17–ാം തിയ്യതി മുതൽ ആരംഭിച്ചു.

**ബേഴ്സ് സ്ഥാപിച്ചവർ**

## Patron Membership

1. ശ്രീ. സി. വി. പൊറിഞ്ചു, ചിറമ്മൽ ഹൗസ്, മണ്ണുത്തി, തൃശൂർ.

## Benefactor Membership

1. ശ്രീ. ഇ. ജെ. ടി. ദാസ്, ജോസ് വിഹാർ, എടക്കളത്തൂർ ഹൗസ്, പാവറട്ടി, തൃശൂർ.
2. ശ്രീമതി ഷേർളി ഡേവിസ്, W/o എം. എ. ഡേവിസ്, മേക്കാട്ടുകുളം ഹൗസ്, പഴുവിൽ, തൃശൂർ.

## Wellwisher Membership

1. ശ്രീമതി ജെസി ഫ്രാൻസിസ്, ചെറുവത്തൂർ ഹൗസ്, ഒരുമനയൂർ, തൃശൂർ.

"...കർത്താവിൽ ആശ്രയിക്കുന്നവർ ഭാഗ്യവാന്മാർ" (സുഭാ. 16:20). ദൈവാശ്രയബോധവും പരസ്നേഹചൈതന്യവും കൈമുതലായുള്ള ഞങ്ങളുടെ എല്ലാ ഉപകാരികളെയും അവിടുന്ന് സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

**" കർത്താവിൽ**
**ആശ്രയിക്കുന്നവർ ഭാഗ്യവാന്മാർ"**
(സുഭാ. 16:20).

# സെന്റ് മേരീസ് മൈനർ സെമിനാരി

**ഒല്ലൂർ വി. എവുപ്രാസ്യമ്മയുടെ തീർത്ഥകേന്ദ്ര സന്ദർശനം**

വിശുദ്ധ എവുപ്രാസ്യമ്മയുടെ തിരുനാളിനോടനുബന്ധിച്ച് വൈദിക വിദ്യാർത്ഥികൾ തീർത്ഥകേന്ദ്രം സന്ദർശിച്ച് വിശുദ്ധ കുർബ്ബാനയർപ്പിച്ചു. വിശുദ്ധ കുർബ്ബാനക്ക് ബഹു. ജെയ്സൻ കൂനപ്ലാക്കലച്ചൻ മുഖ്യ കാർമ്മികത്വം വഹിച്ചു.

**പരീക്ഷകൾ, അവധിക്കാലം**

ഈ അദ്ധ്യയനവർഷത്തിലെ പരീക്ഷകൾ 2022 ആഗസ്റ്റ് 22 മുതൽ സെപ്തംബർ ഒന്നാം തിയ്യതി വരെയുള്ള ദിവസങ്ങളിലായിരുന്നു. സെപ്തംബർ രണ്ടാം തിയ്യതി മുതൽ പത്താം തിയ്യതി വരെയായിരുന്നു അവധിക്കാലം.

**വാർഷിക ധ്യാനം**

ഈ വർഷത്തെ വാർഷിക ധ്യാനം അട്ടപ്പാടി സെഹിയോൻ ധ്യാന കേന്ദ്രത്തിൽവെച്ചാണ് നടത്തിയത്. ധ്യാന ചിന്തകൾ ബഹു. സേവ്യർ ഖാൻ വട്ടായിലച്ചനും ബഹു. സാംസൻ അച്ചനുമാണ് പങ്കുവെച്ചത്. നമ്മുടെ സെമിനാരിക്കാരോടൊപ്പം കേരളത്തിലെ മറ്റു മൈനർ സെമിനാരികളിൽനിന്നുള്ള സഹോദരന്മാരും ധ്യാനത്തിൽ പങ്കുചേർന്നു. ധ്യാന കേന്ദ്രത്തിലെ ബഹു. അച്ചന്മാരും ശുശ്രൂഷകരും ധ്യാനത്തിന് നേതൃത്വം കൊടുത്തു.

**മാസധ്യാനം**

ഡിഗ്രി പഠിക്കുന്ന സെമിനാരിക്കാർക്ക് സെപ്തംബർ മാസത്തിലെ മാസ ധ്യാനം മൈനർ സെമിനാരിയിൽവെച്ച് സെപ്തംബർ 16, 17 തിയ്യതികളിൽ സംഘടിപ്പിച്ചു. ബഹു. അനു ചാലിൽ അച്ചൻ ധ്യാനചിന്തകൾ പങ്കുവെച്ചു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ എം. എ. ദേവസ്സി, മൊയലൻ ഹൗസ്, തിരുവനന്തപുരം
2. ശ്രീ. കെ. ഐ. ജോണി, കൊള്ളന്നൂർ ഹൗസ്, ഇയ്യാൽ
3. ശ്രീ. ജിതിൻ ജോഷിയുടെ ഓർമ്മക്കായി ശ്രീ ജോഷി എ.ജെ., അറങ്ങാശ്ശേരി ഹൗസ്, കടങ്ങോട്

4. സെന്റ് ജോൺ മരിയ വിയാനി കുടുംബകൂട്ടായ്മ, സെന്റ് ആന്റണീസ് ചർച്ച്, നോർത്ത് കാരമുക്ക്
5. ശ്രീ. ആന്റു പി. ജെ., പള്ളിക്കുന്നത്ത് ഹൗസ്, മഡോണ നഗർ, കാച്ചേരി
6. ശ്രീ. പുത്തൂർ ഇട്ടൂപ്പ് മാസ്റ്റർ & ശ്രീമതി ഏല്യകുട്ടി ട്രസ്റ്റ്, തിരുവെങ്കിടം, ഗുരുവായൂർ
7. ബഹു. അഗസ്റ്റിൻ മംഗലത്ത് അച്ചന്റെ ഓർമ്മയ്ക്കായ് അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ
8. ബഹു. ഷാജു ചിറയത്ത് അച്ചന്റെ ഓർമ്മയ്ക്കായ് അച്ചന്റെ ബാച്ചിലെ (1999) ബഹു. വൈദികർ
9. ശ്രീ. യേശുദാസൻ കെ. ജെ. & ഫാമിലി, കുരുതുകുളങ്ങര ഹൗസ്, പാലയൂർ
10. മാതൃസംഘാംഗങ്ങൾ, തിരുഹൃദയ ദൈവാലയം, ചെമ്പൂക്കാവ്

വൈദിക വിദ്യാർത്ഥികളെ സ്വന്തമെന്ന് കരുതി പ്രാർത്ഥനകൊണ്ടും സാമ്പത്തികമായും സഹായിക്കാൻ മുന്നോട്ടുവന്ന എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി (Jr.)**
റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**ജൂബികോൺ 2022**

മെഡിക്കൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി ജൂബിലിയിലെ മെഡിക്കൽ സ്റ്റുഡന്റ്സ് കൗൺസിലും വിവിധ സ്റ്റുഡന്റ്സ് ക്ലബ്ബുകളുമായി ചേർന്ന് രണ്ടുദിവസം നീണ്ടുനിന്ന ദേശീയതലത്തിലുള്ള മെഡിക്കൽ വിദ്യാർത്ഥികളുടെ സമ്മേളനം നടത്തി. ചടങ്ങിന്റെ ഉദ്ഘാടനം കേരള ആരോഗ്യ സർവ്വകലാശാല റിസർച്ച് ഡീൻ ശ്രീ. കെ. എസ്. ഷാജി നിർവ്വഹിച്ചു. ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മു

ണ്ടൻകുരിയൻ അദ്ധ്യക്ഷത വഹിച്ചു. ഗവേഷണ ശിൽപശാല, കലാസന്ധ്യ, പേപ്പർ പ്രസന്റേഷൻ, പോസ്റ്റർ മത്സരം എന്നിങ്ങനെയുള്ള പരിപാടികൾ ജൂബിക്കോണിന്റെ ഭാഗമായി നടന്നു. ജൂബിലി പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, കാർഡിയോളജി വിഭാഗം മേധാവി ഡോ. ഗോവിന്ദനുണ്ണി, സ്റ്റുഡൻസ് കൗൺസിൽ സംഘാടക സമിതി അംഗങ്ങളായ ജസിയ ജീൻ, നിരഞ്ജന ഡേവീസ്, നവനീത് കൃഷ്ണ എന്നിവർ  വേദിയിൽ സന്നിഹിതരായിരുന്നു. ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഫിസിയോളജി വിഭാഗം മേധാവി ഡോ. ബിജു ബാഹുലേയൻ, അനാട്ടമി വിഭാഗത്തിലെ പ്രൊഫ. ഡോ. എസ്. രഞ്ജിത്ത് എന്നിവർ സ്റ്റാഫ് അഡ്വൈസർമാരായി നേതൃത്വം നൽകി. വിവിധ സംസ്ഥാനങ്ങളിൽ നിന്നായി മുന്നൂറോളം മെഡിക്കൽ വിദ്യാർത്ഥികൾ സമ്മേളനത്തിൽ പങ്കെടുത്തു.

**ഡോക്ടറേറ്റ് ലഭിച്ചു**

ചെന്നൈയിലെ മീനാക്ഷി ഡീംഡ് യൂണിവേഴ്സിറ്റിയിൽ നിന്നും തൃശ്ശൂരിലെ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അനാട്ടമി വിഭാഗം ട്യൂട്ടർ ആയിരുന്ന ലാലു കൃഷ്ണ കെ. എൻ.–ന് ഡോക്ടറേറ്റ് ലഭിച്ചു.

**ആയുർവ്വേദവിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പിന് അവസരം**

തൃശ്ശൂർ ജൂബിലി ഗവേഷണകേന്ദ്രവും ആയുർവ്വേദ വിഭാഗവും സംയുക്തമായി നടത്തി വരുന്ന ആയുർവ്വേദ പ്രകൃതിയുടെ ജനിതകഘടനയെക്കുറിച്ച് നൂതന സാങ്കേതിക വിദ്യകളായ ബയോഇൻഫർമേറ്റിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മോളികുലാർ ബയോളജി എന്നിവ ഉപയോഗിച്ച് മനസ്സിലാക്കുതിനുള്ള ഗവേഷണ പദ്ധതിയിൽ ആയുർവ്വേദ വിദ്യാർത്ഥികൾക്ക് മൂന്ന് മുതൽ ആറുമാസം വരെ ഇന്റേൺഷിപ്പിന് അവസരമൊരുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് research@jmmc.ac.in, hr@jmmc.ac.inലേക്ക് ഇ–മെയിൽ ചെയ്യാവുന്നതാണ്.

**ജേർണൽക്ലബ്ബ്**

JCMR ന്റെ ആഭിമുഖ്യത്തിലുള്ള 52–ാമത് ജേർണൽക്ലബ്ബ് നടന്നു. PMR ഡിപ്പാർട്ടുമെന്റ് അസി. പ്രൊഫസർ  ഡോ. റെനി ബെന്നി ആയിരുന്നു പ്രഭാഷക. പക്ഷാഘാത രോഗികളിൽ ഹെ മെഷീൻ ഉപയോഗിക്കുന്നതിലൂടെ ചലനശേഷി എങ്ങനെ മെച്ചപ്പെടുന്നു എന്ന വിഷയത്തിൽ ജേർണൽ ഓഫ് എൻവൈറൺമെന്റൽ റിസർച്ച് പബ്ലിക് ഹെൽത്ത് ജേർണലിൽ 2022ൽ koonaumchoo et.al (കൂൺകുംചു തുടങ്ങിയവർ) പ്രസിദ്ധീകരിച്ചതായിരുന്നു പഠനം. തുടർന്നുള്ള ചർച്ചയിൽ Dr.Pradeoth K. M., Dr. Babu Varghese A. J. എന്നിവർ പങ്കെടുത്തു.

**അഡ്വാൻസ്ഡ് ഡിപ്ലോമ കോഴ്സിന്റെ (TMRT) ഉദ്ഘാടനം**

ജൂബിലി മിഷൻ ഹോസ്പിറ്റലിലെ മെഡിക്കൽ റെക്കോർഡ് വിഭാഗം, അവരുടെ പുതിയ ഒരു വർഷത്തെ അഡ്വാൻസ്ഡ് ഡിപ്ലോമ കോഴ്സ് TMRT (ട്യൂട്ടർ കോഴ്സ് ഇൻ മെഡിക്കൽ റെക്കോർഡ്സ് ടെക്നോളജി) CMAI (ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ) സർട്ടിഫൈഡ് കോഴ്സിന്റെ ഉദ്ഘാടന ചടങ്ങ് നടത്തി.

**ഓണനിലാവ് 2022**

ഈ വർഷത്തെ ഓണാഘോഷം ഉത്രാടനാളിൽ ജൂബിലി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ മദർ തെരേസ്സ ഹാളിൽ വച്ച് നടത്തി. സിനിമിമിക്രി ആർട്ടിസ്ററ് ശ്രീ. പ്രമോദ് മാള, മഴവിൽ മനോരമ മിടുക്കി (2017) റിയാലിറ്റി ഷോയിലെ ടൈറ്റിൽ വിന്നർ ശ്രീമതി ശ്രുതി പോൾ എന്നിവർ മുഖ്യാതിഥികളായ ചടങ്ങിൽ ഡയറക്ടർ ഫാ. റെന്നി മുണ്ടൻ കുര്യൻ, സി ഇ ഒ ഡോ. ബെന്നി ജോസഫ്, മെഡിക്കൽ സൂപ്രണ്ട് ഡോ. ഗിൽവാസ് പി സി, നഴ്സിംഗ് സൂപ്രണ്ട് സി. മെറ്റിൽഡ പോൾ എന്നിവർക്കൊപ്പം മറ്റു അസിസ്റ്റന്റ് അസ്സോസിയേറ്റ് ഡയറക്ടർമാരും പങ്കെടുത്തു. ഓണാഘോഷത്തോടനുബന്ധിച്ചു CNGAT (Catholic Nurses Guild Of Archdiocese Thrissur) യുടെ നേതൃത്വത്തിൽ നടത്തിയ കലാമത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനദാനവും ഒന്നാംസ്ഥാനം നേടിയ ടീമുകളുടെ കലാസന്ധ്യയും വിശിഷ്ടാതിഥികളുടെയും ജൂബിലി കുടുംബാംഗങ്ങളുടെയും പരിപാടികൾ വേദിയിൽ അവതരിപ്പിച്ചു.

**പാരാമെഡിക്കൽ ഓറിയന്റേഷൻ ജൂബിലിയിൽ**

പാരാമെഡിക്കൽ & ആയുർവേദ കോഴ്സുകളുടെ ഓറിയന്റേഷൻ പ്രോഗ്രാം ന്യൂ CCM ഹാളിൽ വച്ച് നടത്തി. ലബോറട്ടറി മെഡിസിൻ വിഭാഗം മേധാവിയും കോഴ്സ് കോർഡിനേറ്ററുമായ ഡോ. സുശീല ജേക്കബ് ഇന്നാ സ്വാഗതമാശംസിച്ച് ആരംഭിച്ച ചടങ്ങിൽ സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ ഉദ്ഘാടനവും അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഡോ. ഡെമിൻ തറയിൽ അദ്ധ്യക്ഷപ്രസംഗവും നടത്തി. ആയുർവേദ പഞ്ചകർമ്മ കോഴ്സിനെക്കുറിച്ചു ഡോ. സി. ഡൊനാറ്റ CSC, ഡിപ്ലോമ ഇൻ മെഡിക്കൽ ഇമേജിങ് ടെക്നോളോജിയെക്കുറിച്ചു ഡോ. എം. ആർ. ബാലചന്ദ്രൻ നായർ, ഡിപ്ലോമ ഇൻ അനസ്തേഷ്യ ടെക്നോളോജിയെക്കുറിച്ചു ഡോ. മറിയം കോശി തോമസ്, ഡിപ്ലോമ ഇൻ മെഡിക്കൽ ലബോറട്ടറി ടെക്നോളോജിയെക്കുറിച്ചു സി. ലീജോസ്, ഡിപ്ലോമ ഇൻ മെഡിക്കൽ റെക്കോർഡ് & ഹെൽത്ത് ഇൻഫർമേഷൻ മാനേജ്മെന്റിനെക്കുറിച്ചു മിനു തങ്കച്ചൻ എന്നിവർ സംസാരിച്ചു. ഡോ. സി. നിർലീന നന്ദിയും ആശംസിച്ചു.

## ഹൃദയശസ്ത്രക്രിയാരംഗത്ത് അതിനൂതന കാൽവെപ്പ്

നെഞ്ചും ഹൃദയവും തുറക്കാതെ ഹൃദയത്തിലെ വാൽവ് മാറ്റി വെയ്ക്കുന്ന ശസ്ത്രക്രിയ ജൂബിലി മിഷൻ ആശുപത്രിയിൽ വിജയകരമായി പൂർത്തിയാക്കി. കഴിഞ്ഞ മാസമാണ് ഹൃദയത്തിലെ അയോർട്ടിക് വാൽവ് ചുരുങ്ങിയതുമൂലം നെഞ്ചുവേദനയും ശ്വാസംമുട്ടുമായി 84 വയസ്സുകാരി ആശുപത്രിയിൽ എത്തിയത്. പ്രായവും മറ്റു ശാരീരിക അവശതകളും കാരണം ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ അസാധ്യമായിരുന്നു. ഈ സാഹചര്യത്തിലാണ് ഹൃദയം തുറക്കാതെ കാലിലെ രക്തധമനിയിലൂടെ വാൽവ് മാറ്റിവെച്ചത്. (Trans catheter aortic valve implantation) ഏതാനും ദിവസങ്ങൾക്കകം രോഗി ആശുപത്രി വിടുകയും ചെയ്തു. കാർഡിയോളജി വിഭാഗത്തിലെ ഡോ. മനോജ് രവി, കാർഡിയാക് അനസ്തേഷ്യ വിഭാഗത്തിലെ ഡോ. ഷിബു കള്ളിവളപ്പിൽ, ഹൃദയശസ്ത്രക്രിയാ വിഭാഗം മേധാവി ഡോ. ജോൺ ഇ. വി. എന്നിവരുടെ നേതൃത്വത്തിലാണ് ഇത് നടന്നത്.

## അഭിനന്ദനങ്ങൾ

- അസോസിയേഷൻ ഓഫ് ഓട്ടോറൈനോ ലാറിങ്കോളജിസ്റ് ഓഫ് ഇന്ത്യ (AOI) സെക്രട്ടറി ആയി ENT വിഭാഗം അസ്സോസിയേറ്റ് പ്രൊഫസർ ഡോ. രമേശ് കുമാർ ഇ തിരഞ്ഞെടുക്കപ്പെട്ടു.
- ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ സൈക്യാട്രി ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ, World Suicide Prevention day 2022 നോടനുബന്ധിച്ചു നടന്ന ഓൺലൈൻ ക്വിസ് മത്സരത്തിൽ എം.ബി.ബി.എസ് വിദ്യാർത്ഥികളായ അതുൽ നമ്പ്യാർ, ബേസിൽ സാജു, ഷെറിൻ ജോസഫ് പൊന്തേക്കൻ, വിഷ്ണു പ്രിയ പി എന്നിവർ സമ്മാനർഹരായി.

## ഡയാലിസിസിന് സംഭാവന നൽകിയവർ

- വികാരി, അവർ ലേഡി ഓഫ് കാർമ്മൽ ചർച്ച്, പുലക്കാട്ടുകര, ചിറ്റിശ്ശേരി പി. ഒ., തൃശ്ശൂർ
- സെന്റ് ജോസഫ്സ് കോൺവെന്റ്, ചേറൂർ, തൃശ്ശൂർ

## അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- ജൂബിലി ഹൃദയാലയ ഫസ്റ്റ് ഫ്ളോർ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ
- ആൽബിൻ & ഫാമിലി, ചിഞ്ചു, സ്റ്റാഫ് നേഴ്സ്, ജൂബിലി മിഷൻ

മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ
- മെയിൽ മെഡിക്കൽ വാർഡ്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ
- സോണി വി. ജെ, എം. ആർ. ഡി, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, ആശുപത്രി, തൃശ്ശൂർ
- ബിന്ദു റൈസ, കുണ്ടപറമ്പിൽ ഹൗസ്, വല്ലച്ചിറ, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. പ്രൊഫസർമാരായി**

നാല് അദ്ധ്യാപകർക്ക് പ്രൊഫസർ തസ്തിക ലഭിച്ചു. ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ ഡോ. ആന്റോ തോമസ്. സി, ഡോ. ബിജു സി.എസ്, കോമേഴ്സ് ഡിപ്പാർട്ട്മെന്റിലെ ഡോ. ബിജു ജോൺ എം., കെമിസ്ട്രി ഡിപ്പാർട്ട്മെന്റിലെ ഡോ. പോൾസൺ മാത്യു. പ്രൊഫസർമാരായ എല്ലാവർക്കും അഭിനന്ദനങ്ങൾ.

**2. ഗവേഷണ ബിരുദം നേടി**

കെമിസ്ട്രി ഡിപ്പാർട്ട്മെന്റിലെ ഗവേഷണ വിദ്യാർത്ഥികളായിരുന്ന മിസ് അഞ്ചു റോസ്, സവിത ഉണ്ണികൃഷ്ണൻ എന്നിവർ ഡോ. സുനിൽ ജോസിന്റെ ഗവേഷണ മേൽനോട്ടത്തിലും സമീറ കെ.എ. ഡോ. സനിൽ രാജിന്റെ മേൽനോട്ടത്തിലും ഗവേഷണ ബിരുദം നേടി.

**3. എസ്.ടി.സി ഓൺലൈൻ ഹെർബേറിയം**

ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെ ഓൺലൈൻ ഹെർബേറിയം മാർ ടോണി നീലങ്കാവിൽ ഉത്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ, എക്സിക്യൂട്ടീവ് മാനേജർ, ഡോ. വിമല ജോസ് എന്നിവർ സംസാരിച്ചു. ഡോ. ജോബി പോൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഡോ. നിഷ പി. (സെന്റ് സേവേഴ്സ് കോളേജ് ആലുവ) ഹെർബേറിയത്തിന്റെ സാധ്യത

കളെ കുറിച്ച് ക്ലാസ്സുകൾ നയിച്ചു. ഇന്ത്യയിലെ ഓൺലൈൻ ഹെർബേറിയം തയ്യാറാക്കിയതിൽ ഒന്നാമതാണ് എസ്.റ്റി.സി ഹെർബേറിയം സെന്റ് തോമസ്.

**4. സെമിനാർ**

കോമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ജില്ലാ ടൂറിസം ക്ലബുമായി ചേർന്ന് ടൂറോഫെസ്റ്റിനോടനുബന്ധിച്ച് സെമിനാർ സംഘടിപ്പിച്ചു. 'റീ തിങ്കിങ്ങ്' ടൂറിസം എന്ന വിഷയത്തിൽ ഡോ. സിന്ദു ആർ. ബാബു സെമിനാർ നയിച്ചു. ടൂറിസദിനാഘോഷം തൃശൂർ മേയർ ശ്രീ. എം.കെ വർഗീസ് ഉത്ഘാടനം ചെയ്തു. വിലങ്ങൻകുന്നിൽ നടന്ന ടൂറിസ പ്രദേശ വൃത്തിയാക്കലിൽ വടക്കാഞ്ചേരി എം.എൽ.എ ശ്രീ. സേവിയർ ചിറ്റിലപ്പിള്ളി നേതൃത്വം നൽകി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ ഡേവിസ് മാസ്റ്റർ, അസിസ്റ്റന്റ് ജില്ലാ കലക്ടർ ശ്രീ. ജയകൃഷ്ണൻ വി.എം., ശ്രീ. പി.ഐ. സുബയർ കുട്ടി, ഫാ. ബിജു പാണേങ്ങാടൻ, ഫാ. മാർട്ടിൻ കൊളമ്പ്രത്ത്, ശ്രീമതി റെജി റോയ്, ശ്രീ. ജോബി ജോർജ്ജ് എന്നിവർ ആശംസകൾ നേർന്നു.

ടൂറിസം ക്ലബിന്റെ ആഭിമുഖ്യത്തിൽ വൈൽഡ് ഫോട്ടോഗ്രാഫി മത്സരം സംഘടിപ്പിച്ചു. വിജയികൾക്ക് സമ്മാനങ്ങൾ നൽകി.

**5. കുളവെട്ടി മരങ്ങളുടെ പരിപാലന പഠനസംഘം**

എളവള്ളി, വരവൂർ ഗ്രാമപഞ്ചായത്തുകളിൽ ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ നട്ട് പരിപാലിച്ചു പോരുന്ന കുളവെട്ടി മരങ്ങളുടെ വളർച്ച തോത് രേഖപ്പെടുത്തുന്നതിനായി പഠനസംഘം പഞ്ചായത്തുകളിലെ കുളവെട്ടി മരങ്ങൾ സന്ദർശിച്ച് അവയുടെ വളർച്ച തോത് രേഖപ്പെടുത്തി. പഠനസംഘത്തിൽ ഡോ. ആന്റോയുടെ നേതൃത്വത്തിൽ 40 ഓളം ബോട്ടണി ബിരുദാനന്തര വിദ്യാർത്ഥികൾ പങ്കെടുത്തു.

**6. ടൈം റ്റു ഷൈൻ**

സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി കോലഴി ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് എൻ ഇ ഡി ഉൽപ്പന്ന നിർമ്മാണ പരിശീലനം നടത്തി. ഫാ. ബിജു പാണേങ്ങാടൻ ഉത്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഫാ. മാർട്ടിൻ കെ.എ. അധ്യക്ഷത വഹിച്ചു.

**7. റിസർച്ച് ആന്റ് പബ്ലിക്കേഷൻ എത്തിക്സ്**

ഡിപ്പാർട്ട്മെന്റ് ഓഫ് ലൈബ്രറി ആൻഡ് ഇൻഫോർമേഷൻ സ്റ്റഡീസിന്റേയും റിസർച്ച് കൗൺസിലിന്റേയും ആഭിമുഖ്യത്തിൽ റിസർച്ച് ആൻഡ് പബ്ലിക്കേഷൻ എത്തിക്സ് എന്ന വിഷയത്തിൽ ഓൺലൈൻ കോഴ്സ് നടത്തി.

**8. ഇന്റേൺഷിപ്പ്**

സുസ്ഥിര വിജ്ഞാൻ ഇന്റേൺഷിപ്പ് പദ്ധതിയുടെ ഭാഗമായി രണ്ടാം വർഷ ഫിസിക്സ് ബിരുദ വിദ്യാർത്ഥികൾ പുത്തൂർ, പാവറട്ടി ഗ്രാമപഞ്ചായത്തുകളിൽ വികസനപ്രവർത്തനങ്ങൾ നേരിട്ടറിയാൻ ഇന്റേൺഷിപ്പ് വഴി സന്ദർശനം നടത്തി.

**9. നേട്ടം**

ഫിസിക്സ് ഡിപ്പാർട്ട്മെന്റ് അദ്ധ്യാപകൻ ഡോ. വിമൽകുമാർ റ്റി.വി കേച്ചേരി വിദ്യാനികേതൻ ഓഫ് സയൻസ് ആൻഡ് ടെക്നോളജി സ്ഥാപനത്തിൽ അതിഥി ആദരവിനായി ക്ഷണിക്കപ്പെട്ടതിൽ അഭിനന്ദനങ്ങൾ.

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് അദ്ധ്യാപകൻ ഡോ. ശ്യാം സുധാകറിന് ശ്രീനിവാസ് റായപ്രോൾ കവിത പുരസ്ക്കാരം ഹൈദരാബാദ്, 2022, ലഭിച്ചു. അഭിനന്ദനങ്ങൾ.

**10. ഐഡിയ മത്സരം**

സ്ത്രീ സുരക്ഷക്ക് വേണ്ടി ഡിപ്പാർട്ട്മെന്റ് ഓഫ് ഡാറ്റ സയൻസ് ആശയ മത്സരം നടത്തി. വിജയികൾക്ക് സമ്മാനങ്ങൾ നൽകി.

**11. ക്വിസ്സ് മത്സരം**

ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 'സീക്ക്' എന്ന പേരിൽ ഇന്റർകോളേജിയേറ്റ് മത്സരം സംഘടിപ്പിച്ചു. വിജയികൾക്ക് സമ്മാനങ്ങൾ നൽകി.

**12. എൻ.എസ്.എസ്**

എൻ.എസ്.എസ് ഡെ ആഘോഷിച്ചു. കുട്ടികൾ അവരുടെ അനുഭവങ്ങൾ പങ്കുവെച്ചു.

തൃശൂർ കളക്ടറേറ്റ് വൃത്തിയാക്കി, കോളേജ് കൃഷിയിടം വൃത്തിയാക്കി.

തൃശൂർ താലൂക്ക് ഇലക്ഷൻ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'ഇലക്റ്ററൽ ലിറ്ററസി ക്ലബിന്റെ' പ്രവർത്തനങ്ങളിൽ എൻ.എസ്.എസ് യൂണീറ്റ് പങ്കാളികളായി. തഹസിൽദാർ ശ്രീമതി ജയശ്രീ ടി ഉദ്ഘാടനം നിർവ്വഹിച്ചു. ഇലക്ഷൻ വിഭാഗം ഡപ്യൂട്ടി തഹസിൽദാർ ശ്രീ ഗീവർ എം.എഫ്, പ്രിൻസിപ്പാൾ മാർട്ടിൻ കെ.എ എന്നിവർ സംസാരിച്ചു.

**13. ദിനാചരണം**

സൈക്കോളജി ഡിപ്പാർമെന്റിന്റെ ആഭിമുഖ്യത്തിൽ ലോക ആത്മഹത്യ നിവാരണ ദിനത്തോടനുബന്ധിച്ച് 'വി ഹിയർ' എന്ന പേരിൽ 'ജീവം' മൈമ് മത്സരം സംഘടിപ്പിച്ച് സമ്മാനങ്ങൾ നൽകി.

**14. കാമ്പസ് പ്ലെയ്സ്മെന്റ്**

എസ്.ബി.ഐ ലൈഫ്–1, ഇ വൈ–1, എക്സ് നെക്സ്യൻ–1.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മനേജർ

**ഡോ. ആന്റോ പി. വി.**
പി.ആർ.ഒ.

# ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

**16–ാമത് ബിരുദദാന ചടങ്ങ്**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ 16 ാമത് ബിരുദദാന ചടങ്ങ് 2022 സെപ്തംബർ 3 ശനിയാഴ്ച നടത്തി. കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നവേഷൻ ആൻഡ് ടെക്നോളജി വൈസ് ചാൻസലർ ഡോ . സജി ഗോപിനാഥ്  മുഖ്യാതിഥി ആയിരുന്നു.

**എഞ്ചിനീയേഴ്സ് ഡേ**

2022 സെപ്റ്റംബർ 15 ന് മെക്കാട്രോണിക്സ് എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് IE (I) യുടെ സഹകരണത്തോടെ എഞ്ചിനീയേഴ്സ് ഡേ ആഘോഷിച്ചു. മുഖ്യാതിഥി ഡോ. എ . സീമ (Scientist, സെന്റർ ഫോർ മെറ്റീരിയൽ ഫോർ ഇലക്ട്രോണിക്സ് ടെക്നോളജി (CMET).

**കൈത്തറി വ്യവസായ പരിശീലന പദ്ധതി**

കേരള സർക്കാരിൻറെ KDISC (ODOI) കൈത്തറി വ്യവസായ പുന രുദ്ധാരണ പദ്ധതിയുടെ ഭാഗമായി ചെറുതുരുത്തി ജ്യോതി എൻജിനീയറിങ് കോളേജിൻറെ നേതൃത്വത്തിൽ നടത്തുന്ന കൈത്തറി വ്യവസായ പരിശീലന പദ്ധതിയുടെ ഉദ്ഘാടനം സ്ഥലം ഞഘഅ കൂടിയായ ബഹുമാനപ്പെട്ട മന്ത്രി കെ. രാധാകൃഷ്ണൻ നിർവഹിച്ചു .

**അന്താരാഷ്ട്ര വൈദ്യുത വാഹന ദിനാചരണം**

ജ്യോതി എൻജിനീയറിംഗ് കോളേജിൽ അന്താരാഷ്ട്ര വൈദ്യുത വാഹന ദിനാചരണം നടത്തി. അന്താരാഷ്ട്ര വൈദ്യുത വാഹന ദിനാചരണത്തോടനുബന്ധിച്ച് (സെപ്തംബർ 29) ഇരുചക്രവാഹന ചാർജിംഗിന് ഉപയോഗിക്കാനുള്ള ഒരു പോർട്ടബിൾ സോളാർ ചാർജിംഗ് സ്റ്റേഷൻ ജ്യോതി എൻജിനീയറിംഗ് കോളേജിൽ പ്രിൻസിപ്പൽ ഡോ. ജോസ് തേറാട്ടിൽ ഉദ്ഘാടനം ചെയ്തു . അക്കാദമിക് ഡയറക്ടർ റവ . ഡോ . ജോസ് കണ്ണമ്പുഴ സ്വിച്ച് ഓൺ കർമ്മം നിർവ്വഹിച്ചു. ഈ കോളേജിൽ പ്രവർത്തിക്കുന്ന ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ഇൻകുബേഷൻ സെന്റർ വികസിപ്പിച്ചെടുത്ത താണ് മാറ്റി സ്ഥാപിക്കാവുന്ന ഈ ചാർജിംഗ് സംവിധാനം.

**17–ാമത് ബിരുദദാന ചടങ്ങ്**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ 17–ാമത് ബിരുദദാന ചടങ്ങ് 2022 ഒക്ടോബർ 8 ശനിയാഴ്ച നടത്തി. മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ ഡോ . സാബു തോമസ് പരിപാടിയിൽ മുഖ്യാതിഥി ആയിരുന്നു .

**ഫാ. തോമസ് കാക്കശ്ശേരി**
എക്സിക്യൂട്ടീവ് മാനേജർ

**ഫാ. സിജോ ചെറുവത്തൂർ**
പി.ആർ.ഒ

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**മുള്ളൂർക്കര**

**സെമിനാറിൽ പങ്കെടുത്തു**

JPE Training College ൽ വെച്ച് നടന്ന സെമിനാറിൽ (നാഷണൽ എഡ്യുക്കേഷൻ പോളസി 2020 നേരിടുന്ന വെല്ലുവിളികൾ) കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ, അധ്യാപകരായ ജോംസൺ പി.വി, ആൻ ജോർജ് സി, ഷീബ വി ജോസ് എന്നിവർ പങ്കെടുത്തു.

**ടീച്ചിംഗ് പ്രാക്ടീസ് ആരംഭിച്ചു**

ബി.എഡ് കരികുലത്തിന്റെ ഭാഗമായി സെക്കന്റിയർ ബി.എഡ് സ്റ്റുഡൻസിന് ടീച്ചിംഗ് പ്രാക്ടീസ് സെപ്റ്റംബർ 12ന് ആരംഭിച്ചു. എല്ലാ അധ്യാപിക വിദ്യാർത്ഥികളും തങ്ങൾക്ക് നിശ്ചയിക്കപ്പെട്ട സ്കൂളുകളിൽ ടീച്ചിംങ് പ്രാക്ടീസ് ആരംഭിച്ചു.

**സമ്മാനർഹയായി**

സെന്റ് അലോഷ്യസ് കോളേജ് സംഘടിപ്പിച്ച ഇന്റർ കോളേജ് ഉപ ന്യാസ മത്സരത്തിൽ സെക്കന്റിയർ ബി.എഡ് വിദ്യാർത്ഥി സി.സ്നേഹ ഡേവീസ് എഫ്.സി.സി സമ്മാനർഹയായി 5000 രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതായിരുന്നു പുരസ്കാരം.

**17–ാമത് സിനർജി സെമിനാർ സംഘടിപ്പിച്ചു**

17–ാമത് സെമിനാർ കത്ധഅഇ യുടെ നേതൃത്വത്തിൽ സെപ്റ്റം ബർ 17ന് സംഘടിപ്പിച്ചു. മിസ് ദീപ എം.ജെ (അസിസ്റ്റന്റ് പ്രൊഫസർ ഇൻ സോഷ്യൽ സയൻസ്) ട്രാസ്ജെൻഡറുകളെ മനസിലാക്കുക എന്ന വിഷയത്തിൽ സെമിനാർ അവതരിപ്പിച്ചു. കോളേജിലെ അധ്യാപ കർ, അനധ്യാപകർ, അധ്യാപിക വിദ്യാർത്ഥികൾ തുടങ്ങിയവർ സെമി നാറിൽ സന്നിഹിതരായിരുന്നു.

**പുതിയ ബി.എഡ് ബാച്ചിന് സ്വാഗതം**

2022–2024 ബി.എഡ് ബാച്ചിന്റെ ഉദ്ഘാടനം സെപ്റ്റംബർ 22–ാം തിയ്യതി കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് മോൺ.ജോസ് കോനി ക്കര നിർവഹിച്ചു. കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ അധ്യക്ഷനായിരുന്നു. യോഗത്തിൽ വിദ്യാർത്ഥികളും രക്ഷാകർത്താ ക്കളും പങ്കെടുത്തു.

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി. മാനേജർ

**ഫാ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ...ആചരിക്കാൻ...**

| | | |
|---|---|---|
| 1 | ചൊവ്വ | – സകല വിശുദ്ധരുടെയും തിരുനാൾ<br>കേരളപ്പിറവി ദിനം |
| 2 | ബുധൻ | – സകല മരിച്ചവരുടെയും ഓർമ്മ |
| 4 | വെള്ളി | – ആദ്യവെള്ളി, വി. കുർബാന |
| 7 | തിങ്കൾ | – സി. വി. രാമൻദിനം<br>ദേശീയ ശാസ്ത്രദിനം |
| 14 | തിങ്കൾ | – ശിശുദിനം, നെഹ്റു ജന്മദിനം |
| 19 | ശനി | – പൗരദിനം |
| 20 | ഞായർ | – ഈശോയുടെ രാജത്വതിരുനാൾ |
| 24 | വ്യാഴം | – എൻ. സി. സി. ദിനം |
| 30 | ബുധൻ | – വി. അന്ത്രയോസ് തിരുനാൾ |

**2. ശിശുദിനം**

നവംബർ 14 തിങ്കളാഴാഴ്ച ശിശുദിനമാണ്. എല്ലാ വിദ്യാലയങ്ങളിലും ഈ ദിനം സമുചിതമായി ആഘോഷിക്കുമല്ലോ. എല്ലാ കുഞ്ഞുമക്കൾക്കും ശിശുദിനാശംസകൾ!

**3. നാമഹേതുതിരുനാൾ**

നവംബർ 30 ബുധനാഴ്ച അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ നാമഹേതുതിരുനാൾ ദിനമാണ്. അദ്ധ്യാപകരും അനദ്ധ്യാപകരും വിദ്യാർത്ഥികളും അന്നേദിവസം പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**4. സ്കോളർഷിപ്പ് പരീക്ഷ**

4, 7 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പരീക്ഷകൾ 2022 ഒക്ടോബർ 15, 22 തീയതികളിൽ നടത്തപ്പെട്ടു.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**സീറോ ഡിവോഴ്സ്**

കഴിഞ്ഞ മാസത്തിൽ കുണ്ടുക്കാട് ഇടവകയിൽ നടത്തുകയുണ്ടായി. സീറോ ഡിവോഴ്സ് പ്രോഗ്രാം ഇടവക അടിസ്ഥാനത്തിൽ നടത്താൻ ആഗ്രഹിക്കുന്നവർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടറെ സമീപിക്കേണ്ടതാണ്.

**ക്വാ വാദിസ്**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ വിവാഹത്തിന്റെ അകന്ന ഒരുക്കത്തിന്റെ ഭാഗമായി ഇടവകയിലെ പ്ലസ് വൺ വിദ്യാർത്ഥികൾക്ക് വേണ്ടിയും അവരുടെ മാതാപിതാക്കൾക്കുവേണ്ടിയും ഫാമിലി അപ്പൊസ്റ്റൊലേറ്റ് ക്വാ വാദിസ് എന്ന ഒരു മാർഗദർശന പ്രോഗ്രാം തയ്യാറാക്കിയിട്ടുണ്ട്. ഇടവകയിൽ ഇത് സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നവർ വിളിക്കുക – 8086677252, 9605043327. കഴിഞ്ഞ മാസം അരണാട്ടുക്കര ഇടവകയിൽ നടത്തുകയുണ്ടായി.

**റിസോഴ്സ് പേഴ്സൻസ് മീറ്റ്**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ നടത്തുന്ന പ്രീകാന കോഴ്സിന് സഹായിക്കുന്ന എല്ലാ അച്ചന്മാരേയും സിസ്റ്റേഴ്സിനേയും ഡോക്ടേഴ്സിന്റേയും അദ്ധ്യാപകരുടേയും കൂട്ടായ്മ ഈ വരുന്ന നവംബർ 14–ാം തിയ്യതി തിങ്കളാഴ്ച്ച വൈകീട്ട് 5.00–ന് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് സംഘടിപ്പിച്ചിരിക്കുന്നു. ഈ കൂട്ടായ്മയിലേക്ക് വിവാഹകോഴ്സിന് സഹായിക്കുന്ന എല്ലാവരേയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**നവദമ്പതിസംഗമം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 2022 ജൂൺ, ജൂലായ്, ആഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ വിവാഹിതരായ നവ ദമ്പതികൾക്കുവേണ്ടിയുള്ള തുടർ പരിശീലനമാണ് ഡിസംബർ 4 ഞായറാഴ്ച്ച രാവിലെ 9.30 മുതൽ 1 മണി വരെ സംഘടിപ്പിച്ചിരിക്കുന്നത്. അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന നവദമ്പതി സംഗമത്തിലേക്ക് സ്നേഹത്തോടെ ക്ഷണിക്കുന്നു. സമയം രാവിലെ 9.30 മുതൽ 1.00 മണി വരെയായിരിക്കും. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

ദാമ്പത്യബന്ധം എങ്ങനെ ഊഷ്മളമാക്കാം  എന്ന വിഷയത്തെ ആസ്പദമാക്കിയായിരിക്കും ഈ സെമിനാർ. ഈ മാസങ്ങളിൽ വിവാഹിതരായ ദമ്പതികൾ എല്ലാവരും തന്നെ നിർബന്ധമായും ഈ സെമിനാറിൽ സംബന്ധിക്കാൻ ഏറെ താഴ്മയോടെ അഭ്യർത്ഥിക്കുന്നു.

## വിവാഹത്തിന്റെ പത്താം വാർഷികം

2012 ൽ വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ ദൈവാനുഗ്രഹപ്രദമായ 10 വർഷങ്ങൾ പൂർത്തിയാക്കി വിവാഹത്തിന്റെ പത്താം വാർഷികം ആഘോഷിക്കുന്ന ദമ്പതികളെ അഭിനന്ദിക്കാനും ആശംസകളർപ്പിക്കാനും ഏറെ സ്നേഹത്തോടെ തൃശ്ശൂർ ബസിലിക്ക ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 4–ാം തിയ്യതി ഉച്ചക്ക് 2 മണിക്ക് അനുഗ്രഹപ്രഭാഷണം റവ.ഡോ. വിൻസെന്റ് കുണ്ടുകുളം നടത്തുകയും അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്.  2012 ൽ വിവാഹിതരായ എല്ലാ ദമ്പതികളേയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. മറക്കരുതേ.

## വിവാഹസുവർണ്ണ ജൂബിലി

1972 ൽ വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ ദൈവാനുഗ്രഹപ്രദമായ 50 വർഷങ്ങൾ പൂർത്തിയാക്കി വിവാഹ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ അഭിനന്ദിക്കാനും ആശംസകളർപ്പിക്കാനും ഏറെ സ്നേഹത്തോടെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 10–ാം തിയ്യതി ശനിയാഴ്ച രാവിലെ 9 മണിക്ക് റജിസ്ട്രേഷൻ ആരംഭിക്കുകയും തുടർന്ന് അനുഗ്രഹപ്രഭാഷണം റവ. ഫാ. വർഗ്ഗീസ് കൂത്തൂർ നടത്തുകയും 11.00 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്. 1972 ൽ വിവാഹിതരായി സുവർണ്ണജൂബിലി ആഘോഷിക്കുന്ന എല്ലാ ദമ്പതികളും പങ്കെടുക്കാനായി ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. മറക്കരുതേ.

## വിവാഹരജത ജൂബിലി

1997 ൽ വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ ദൈവാനുഗ്രഹപ്രദമായ 25 വർഷങ്ങൾ പൂർത്തിയാക്കി വിവാഹ രജതജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ അഭിനന്ദിക്കാനും ആശംസകളർപ്പിക്കാനും ഏറെ സ്നേഹത്തോടെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 17–ാം തിയ്യതി രാവിലെ 9 മണിക്ക് റജിസ്ട്രേഷൻ ആരംഭിക്കുകയും തുടർന്ന് അനുഗ്രഹപ്രഭാഷണം റവ.ഡോ.

വിൻസെന്റ് കുണ്ടുകുളം നടത്തുകയും 11.00 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്. 1997 ൽ വിവാഹിതരായി രജതജൂബിലി ആഘോഷിക്കുന്ന എല്ലാ ദമ്പതികളും പങ്കെടുക്കാനായി ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. മറക്കരുതേ.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
**ഫാ. ജിന്റോ ചൂണ്ടൽ**
**ഫാ. ക്രിസ്റ്റീൻ ചിറമ്മൽ**
അസി. ഡയറക്ടർമാർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# കുടുംബക്കൂട്ടായ്മ

**കുടുംബകൂട്ടായ്മ ഇലക്ഷൻ 2022–2025**

കുടുംബകൂട്ടായ്മ യൂണിറ്റുകളിലേക്ക് ജൂൺ, ജൂലൈ മാസങ്ങളിലും ഇടവക കേന്ദ്രസമിതിയിലേക്ക് ആഗസ്റ്റ് മാസത്തിലും ഇലക്ഷൻ നടന്നു കഴിഞ്ഞു. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ഫൊറോന കേന്ദ്രസമിതിയിലേക്കുള്ള ഇലക്ഷനുകൾ ബഹുഭൂരിപക്ഷവും കഴിഞ്ഞു. ബാക്കിയുള്ള ഫൊറോനകളിൽ നവംബർ മാസത്തിലെ നിശ്ചിത ദിവസങ്ങളിൽ നടക്കുന്നതാണ്. ഇടവകയിലെ യൂണിറ്റിലെ എല്ലാ ഭാരവാഹികളുടേയും ഇടവക കേന്ദ്രസമിതി പുതിയ ഭാരവാഹികളുടേയും പേര്, അഡ്രസ്സ്, ഫോൺ നമ്പർ തുടങ്ങിയവ നിശ്ചിത അപേക്ഷ ഫോമിൽ പൂരിപ്പിച്ച് വികാരിയച്ചൻ സാക്ഷ്യപ്പെടുത്തി സെപ്റ്റംബർ 5–ാം തിയ്യതിക്കുള്ളിൽ എത്തിക്കാൻ പറഞ്ഞിരുന്നു. ഇനിയും കുറച്ച് യൂണിറ്റുകൾ ഫോമുകൾ എത്തിച്ചിട്ടില്ല. എത്തിക്കാത്തവർ എത്രയും പെട്ടെന്ന് അതിരൂപത കുടുംബകൂട്ടായ്മ ഓഫീസിൽ എത്തിക്കുമല്ലോ.

**അതിരൂപത ഇലക്ഷനുമായി ബന്ധപ്പെട്ട് ചില നിർദ്ദേശങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.**

1. 2022 ഡിസംബർ 11 നാണ് അതിരൂപത കേന്ദ്രസമിതി തിരഞ്ഞെടുപ്പ്.
2. ഓരോ ഫൊറോനയിലെ കേന്ദ്രസമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട– കൺവീനർ, ജോ. കൺവീനർമാർ (1 പുരുഷൻ, 1 സ്ത്രീ), സെക്രട്ടറി,

ജോ. സെക്രട്ടറിമാർ (1 പുരുഷൻ, 1 സ്ത്രീ), ട്രഷറർ, ഫൊറോന വികാരിയച്ചനുമായി ആലോചിച്ച് ആനിമേറ്ററച്ചൻ തിരഞ്ഞെടുക്കപ്പെടാത്ത ഇടവകകളിൽ നിന്നുള്ള കേന്ദ്രസമിതി ഭാരവാഹികളിൽ നിന്ന് നാമനിർദ്ദേശം ചെയ്യുന്ന 2 പേർ ഉൾക്കൊള്ളുന്നതും (9 പേർ), അതിരൂപത അദ്ധ്യക്ഷൻ നാമനിർദ്ദേശം ചെയ്യുന്നവരുമാണ് അതിരൂപത കുടുംബകൂട്ടായ്മ ജനറൽബോഡി.

3. അതിരൂപത ജനറൽബോഡിയിൽ നിന്നാണ് അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയിലേക്ക് താഴെ പറയുന്ന സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടക്കുന്നത്. കൺവീനർ, ജോ. കൺവീനർ (1 പുരുഷൻ), ജോ. കൺവീനർ (1 സ്ത്രീ), സെക്രട്ടറി, ജോ. സെക്രട്ടറി (1 പുരുഷൻ), ജോ. സെക്രട്ടറി (1 സ്ത്രീ), ട്രഷറർ.
4. അതിരൂപത കേന്ദ്രസമിതിയിൽ ഒരു ഫൊറോനയിൽ നിന്ന് ഒന്നിൽ കൂടുതൽ ഭാരവാഹികൾ ഉണ്ടായിരിക്കരുത്.
5. ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെടുന്നവർ സിവിൽ നിയമപ്രകാരമുള്ള പ്രായപൂർത്തി ആയിട്ടുള്ളവരായിരിക്കണം.
6. അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയിൽ ഏഴ് ഭാരവാഹികളിൽ ഒരാൾ നിർബന്ധമായും 18–30 വയസ്സിന് ഇടയിൽ പ്രായമുള്ള ഒരു യുവജനപ്രതിനിധിയായിരിക്കേണ്ടതാണ്.
7. ഭാരവാഹികളുടെ കാലാവധി മൂന്ന് വർഷമായിരിക്കും.
8. സാധാരണ നിലയിൽ ഒരു വ്യക്തിക്ക് ഒരേ തസ്തികയിൽ രണ്ട് ടേമിൽ കൂടുതൽ തുടർച്ചയായി ഭാരവാഹിയായി തുടരാൻ അനുവാദമില്ല. മറ്റ് സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിൽ തടസ്സമില്ല.
9. അതിരൂപത ഡയറക്ടർ അതിരൂപത അദ്ധ്യക്ഷനുമായി (അതിരൂപത കുടുംബകൂട്ടായ്മ പ്രസിഡണ്ട്) ആലോചിച്ച് അതിരൂപത കുടുംബകൂട്ടായ്മ ജനറൽ ബോഡിയിൽ നിന്ന് പ്രതിനിധികൾ ഇല്ലാത്ത ഫൊറോനകളിൽനിന്നായി 3 പേരെ അതിരൂപത കേന്ദ്രസമിതി അംഗങ്ങളായി നോമിനേറ്റ് ചെയ്യുന്നതാണ്.
10. അതിരൂപത കേന്ദ്രസമിതിയുടെ തിരഞ്ഞെടുപ്പിൽ 16 ഫൊറോനയിലെ 9 പേരടങ്ങുന്ന ഭാരവാഹികളും അഭിവന്ദ്യ പിതാവ് നാമനിർദേശം ചെയ്യുന്ന അംഗങ്ങളുമാണ് പങ്കെടുക്കേണ്ടത്.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**പോൾ പാറക്കൽ**
ജനറൽ കൺവീനർ

**ഷിന്റോ മാത്യു**
ജനറൽ സെക്രട്ടറി

# മാതൃവേദി

**ലെഗാരെ – 2022**

നവംബർ മാസത്തിൽ വായിക്കേണ്ട ബൈബിൾ ഭാഗങ്ങൾ ഫിലെമോൻ, ഹെബ്രായർ, യാക്കോബ് 1,2, പത്രോസ് 1,2,3, യോഹന്നാൻ, യൂദാസ്, വെളിപാട് എന്നീ പുസ്തകങ്ങളാണ്.

**മോണോ ആക്ട് മത്സര വിജയികൾ**

മാതൃവേദി അംഗങ്ങൾക്കായുള്ള മോണോ ആക്ട് മത്സരം തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തപ്പെടുകയുണ്ടായി. മത്സരത്തിൽ വിജയിച്ചവരുടെ പേരും ഇടവകയുമാണ് താഴെ കൊടുത്തിരിക്കുന്നത്.

ഒന്നാം സമ്മാനം – റിൻസി ആന്റോ, തയ്യൂർ ഇടവക
രണ്ടാം സമ്മാനം – എമിലി റാഫി, വെള്ളാറ്റഞ്ഞൂർ ഇടവക
മൂന്നാം സമ്മാനം – ജിജി സിജോ, കൊളങ്ങാട്ടുകര ഇടവക
പ്രോത്സാഹന സമ്മാനങ്ങൾ

ലൈസ ജോസ് – പൂമല ഇടവക, സാലി ജോൺസൻ – കൂനമുച്ചി ഇടവക, ലീന ജോർജ്ജ് – അവണൂർ ഇടവക, സാൽമാ ജിമ്മി – കോട്ടപ്പടി ഇടവക, ക്രസ്റ്റി മോൾ – കുമ്പളങ്ങാട് ഇടവക, ബിൽനി ഷിബു – പുത്തൂർ ഇടവക, ജോസ്നാ ഷാജു – കൊളങ്ങാട്ടുകര ഇടവക. പങ്കെടുത്തവർക്കും വിജയികൾക്കും ഒത്തിരി നന്ദി.

**മൈലാപ്പൂർ, ചിന്നമല തീർത്ഥയാത്ര**

മാർ തോമാശ്ലീഹായുടെ 1950–ാമത് രക്തസാക്ഷിത്വ വാർഷികത്തോടനുബന്ധിച്ച് തൃശ്ശൂർ അതിരൂപത മാതൃവേദി അംഗങ്ങൾക്കായി ഒരുക്കുന്ന മൈലാപ്പൂർ, ചിന്നമല തീർത്ഥയാത്ര നവംബർ 6–ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 7 മണിക്ക് പുറപ്പെട്ട് നവംബർ 9–ാം തിയ്യതി രാവിലെ 7 മണിക്ക് തിരിച്ചെത്തുന്നു.

**മെഗാ റമ്പാൻ പാട്ട്**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ വി.തോമാശ്ലീഹായുടെ 1950–ാമത് രക്തസാക്ഷിത്വ ജൂബിലിയോടനുബന്ധിച്ച് ഒരു മെഗാ റമ്പാൻ പാട്ട് ആലാപനം നടത്തുന്നു. സുറിയാനി ക്രൈസ്തവരുടെ പാരമ്പര്യ കലയാണ് റമ്പാൻ പാട്ട്. വി. തോമാശ്ലീഹായുടെ ജീവചരിത്രവും രക്തസാക്ഷിത്വ കഥകളും എല്ലാം ഭംഗിയായി വിവരിക്കുന്ന

മനോഹരമായ ഒരു ഗാനാലാപനമാണ് റമ്പാൻ പാട്ട്. വി. തോമാശ്ലീഹ ആദ്യമായി ഭാരതത്തിൽ സ്ഥാപിച്ച ദൈവാലയമായ പാലയൂരിൽ വച്ച് തോമാശ്ലീഹ ഭാരതത്തിൽ പ്രവേശിച്ച ഓർമ്മദിനമായ നവംബർ 21 ന് ഉച്ചകഴിഞ്ഞ് 2:30ന് 2000 ത്തിലധികം അമ്മമാർ തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ പാലയൂർ ദൈവാലയത്തിലെ തളികകുളത്തിനു ചുറ്റും നിന്ന് റമ്പാൻ പാട്ട് ആലപിക്കുന്നതിനായി ഒരുങ്ങികൊണ്ടിരിക്കുകയാണ്. തൃശ്ശൂർ അതിരൂപതയിലെ വിവിധ മാതൃവേദി യൂണിറ്റുകളിൽ നിന്നുള്ള അമ്മമാർ അവരുടെ യൂണിഫോം ധരിച്ചുകൊണ്ട് ഈ സംരംഭത്തിൽ പങ്കെടുക്കുന്നു. മാതൃവേദിയിലുള്ള എല്ലാ അമ്മമാരും ഇതിൽ പങ്കെടുക്കാനായി ബഹുമാനപ്പെട്ട വികാരിയച്ചന്മാർ അവരെ പ്രോത്സാഹിപ്പിക്കുകയും പറഞ്ഞുവിടുകയും ചെയ്യുമല്ലോ.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ
**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ
**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി.കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നവംബർ 7 തിങ്കൾ വൈകീട്ട് 6.00 മുതൽ 7.30 വരെ നടത്തുന്ന തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഗർഭഛിദ്രം നടത്തിയവർക്കുവേണ്ടിയുള്ള പരിഹാരബലി**

ഗർഭഛിദ്രം നടത്തിയവർക്കും അതിന് കൂട്ടുനിന്നവർക്കും ഈശോയുടെ മുമ്പിൽ കരുണയാചിച്ചുകൊണ്ടുള്ള പരിഹാരബലി നവംബർ 12–ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 11.30 മണിക്ക് തൃശ്ശൂർ വ്യാകുലമാ

താവിൻ ബസിലിക്ക പള്ളിയിൽ പാപപരിഹാരബലിയർപ്പിക്കുന്നതാണ്. തൃശ്ശൂർ അതിരൂപത ജോൺപോൾ പ്രോലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പരിഹാരബലിയിൽ സംബന്ധിക്കാൻ എല്ലാവരേയും പ്രത്യേകിച്ച് ഈ തിന്മയ്ക്ക് കൂട്ടുനിന്നവരെയും ഈ തിന്മ പ്രവർത്തിച്ചവരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**നേഴ്സസ് പ്രോലൈഫ് സെമിനാർ**

ജീവന്റെ മേഖലയിൽ ഏറെ പ്രവർത്തിക്കുന്ന നഴ്സ്മാർക്ക് ഏറെ സഹായകരവും വിജ്ഞാനപ്രദവുമാണ് ഈ സെമിനാർ. തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഹാളിൽ വച്ച് നവംബർ 26–ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 9.30 മുതൽ വൈകീട്ട് 3 വരെ നടത്തപ്പെടുന്ന ഈ സെമിനാറിൽ സംബന്ധിക്കാനായി സ്നേഹത്തോടെ ക്ഷണിക്കുന്നു. സാധിക്കുന്ന എല്ലാവരും പങ്കെടുക്കാൻ പരിശ്രമിക്കുമല്ലോ.

**ശ്രീ. രാജൻ ആന്റണി**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)

**ചികിത്സ ധനസഹായത്തിന് അപേക്ഷിക്കാം**

വാർഷിക വരുമാനം 2 ലക്ഷത്തിൽ താഴെയുള്ള മാരക രോഗങ്ങൾ (കിഡ്നി, കാൻസർ, കരൾ, ഹൃദയം,അവയവം മാറ്റിവെക്കൽ, ഗുരുതരമായ അപകടങ്ങൾ. തുടങ്ങിയ അസുഖങ്ങൾ), പിടിപ്പെട്ട് ചികിൽസയിൽ കഴിയുന്നവർക്ക് മുഖ്യമന്ത്രിയുടെ ചികിൽസ ധനസഹായം ലഭിക്കും. അപേക്ഷ ഫോറം, ചികിൽസിക്കുന്ന ഡോകടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ്, (അപേക്ഷയുടെ കൂടെയുണ്ട് മാതൃക. മെഡിക്കൽ സർട്ടിഫിക്കറ്റിൽ റൗണ്ട് സീൽ, ഒപ്പ്, റജിസട്രേഷൻ നമ്പർ, തിയ്യതി എന്നിവ വേണം.) കൂടാതെ 'ആധാർ കാർഡിന്റ കോപ്പി, ബാങ്ക് പാസ് ബുക്ക് കോപ്പി (നാഷനലൈസ്ഡ് ബാങ്ക്), റേഷൻ കാർഡ് കോപ്പി ,എന്നിവ വേണം. ഒരു അസുഖത്തിന് സഹായം ലഭിച്ചാൽ അതേ അസുഖത്തിന് 2 വർഷം കഴിഞ്ഞാൽ മാത്രമേ വീണ്ടും സഹായം ലഭിക്കുകയുള്ളൂ.

ഡോക്ടർ രേഖപ്പെടുത്തുന്ന മെഡിക്കൽ സർട്ടിഫിക്കിലെ ചികിത്സ ചെലവിന്റെ അടിസ്ഥാനത്തിലാണ് ബഹു മുഖ്യമന്ത്രി ധനസഹായം അനുവദിക്കുന്നത്. അപേക്ഷ cmo.kerala.gov.in എന്ന വെബ് സൈറ്റിലൂടെ ഓൺലൈൻ മുഖേനെയോ, എം എൽ എ യുടെ കവറിംഗ് ലെറ്ററോടു കൂടി എം.എൽ.എ ഓഫീസ് വഴിയോ അയക്കാവുന്നതാണ്. രോഗിക്കോ രോഗിയുടെ അടുത്ത ബന്ധുവിനോ അപേക്ഷ സമർപ്പിക്കാം. അപേക്ഷ വില്ലേജ് ഓഫീസിൽ നിന്ന് പരിശോധിച്ച്, താലൂക്ക് ഓഫീസിൽ നിന്നും കളക്ട്രേറ്റിൽ നിന്നുമുള്ള പരിശോധനക്ക് ശേഷം സർക്കാരിലേക്ക് എത്തും. അതിനു ശേഷം സഹായ തുക അപേക്ഷയോടൊപ്പം നൽകിയിട്ടുള്ള ബാങ്ക് അക്കൗണ്ടിലേക്ക് എത്തിചേരും. അപേക്ഷയുടെ സ്ഥിതി ഓൺലൈനിലും എസ് എം എസ് മുഖാന്തിരവും അറിയാവുന്നതാണ്.

**പ്രൈം മിനിസ്റ്റേഴ്സ് സ്കോളർഷിപ്പ് സ്കീമിൽ അപേക്ഷിക്കാം**

2022–2023 അധ്യയന വർഷത്തിൽ പ്രൊഫഷണൽ കോഴ്സുകളിൽ അഡ്മിഷൻ നേടിയ അർഹരായ വിമുക്തഭടന്മാരുടെ മക്കൾക്ക് പ്രൈം മിനിസ്റ്റേഴ്സ് സ്കോളർഷിപ്പ് സ്കീം (PMSS) 2022–2023ലേയ്ക്ക് വേണ്ടി കേന്ദ്രീയ സൈനിക് ബോർഡിന്റെ വെബ്സൈറ്റായ www.ksb.gov.in മുഖാന്തിരം ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്കായി അതാത് ജില്ലാ സൈനിക ക്ഷേമ ഓഫീസുമായി ബന്ധപ്പെടണം. അപേക്ഷ ഓൺലൈൻ വഴി സമർപ്പിക്കേണ്ട അവസാന തീയതി 30 നവംബർ 2022.

അപേക്ഷ നൽകുന്നതിനും കൂടുതൽ വിവരങ്ങൾക്കും സംശയ നിവാരണത്തിനും ബന്ധപ്പെടുക

തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)
ഫാമിലി അപ്പൊസ്റ്റൊലേറ്റ്, കിഴക്കുംപാട്ടുകര, തൃശൂർ 680005
ഫോൺ : 7902713325, 7909293325
ഇമെയിൽ : info@afctcr.com
വെബ്സൈറ്റ് : www.afctcr.com

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

Santhwanam
ARCHDIOCESE OF TRICHUR

**സാന്ത്വനം സർജിക്കൽസ് ആരംഭിച്ചു**

തൃശ്ശൂർ അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ രോഗികൾക്കാവശ്യമായ കട്ടിൽ, വാട്ടർ ബെഡ്, വീൽചെയർ, വാക്കർ, ഓക്സിജൻ കോൺസൻട്രേറ്റർ തുടങ്ങിയ രോഗി പരിചരണ ഉപകരണങ്ങൾ സൗജന്യമായി ഉപയോഗത്തിന് നൽകുകയും ഉപയോഗശേഷം തിരികെ വാങ്ങി മറ്റ് രോഗികൾക്ക് കൊടുക്കുകയും ചെയ്യുന്ന സേവന പദ്ധതിയാണിത്. പദ്ധതിയുടെ ഉദ്ഘാടനം ആഗോള രോഗിസുരക്ഷ ദിനമായ സെപ്റ്റംബർ 17 ന് തൃശൂർ എം.എൽ.എ. ശ്രീ. പി. ബാലചന്ദ്രൻ നിർവഹിച്ചു. കാച്ചേരി മഡോണ നഗറിലെ ജൂബിലി നഴ്സിംഗ് കോളേജിന് സമീപമുള്ള സാന്ത്വനം ബിൽഡിങ്ങിൽ പ്രവർത്തിക്കുന്ന രോഗി പരിചരണ ഉപകരണ ബാങ്കിന്റെ ആശീർവാദകർമ്മം അഭിവന്ദ്യപിതാവ് നിർവഹിച്ചു. തുടർന്നുള്ള യോഗത്തിൽ തൃശ്ശൂർ അതിരൂപത വികാരി ജനറൽ മോൺ.ജോസ് കോനിക്കര അധ്യക്ഷത വഹിച്ചു.സാന്ത്വനം ഡയറക്ടർ ഫാ. ജോയ് മൂക്കൻ സ്വാഗതവും കോർപ്പറേഷൻ കൗൺസിലർ ശ്രീമതി മേഴ്സി അജി, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയും തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്ര മേധാവിയുമായ ഡോ.മേരി റെജീന,മഡോണ നഗർ വികാരി ഫാ. മനോജ് കീഴൂർ മുട്ടിക്കൽ, ജൂബിലി മെഡിക്കൽ കോളേജ് ആശുപത്രി അസിസ്റ്റന്റ് ഡയറക്ടർ ഫാദർ ഷിജോ മാപ്രാണത്തുക്കാരൻ എന്നിവർ ആശംസകൾ അർപ്പിച്ചു.സാന്ത്വനം അസോസിയേറ്റ് ഡയറക്ടർ ഡോ.ജോസ് വട്ടക്കുഴി അച്ചൻ നന്ദിയും പറഞ്ഞു. ചേറ്റുപുഴ,അരിമ്പൂർ,വലപ്പാട്,നിർമലപുരം,മഡോണ നഗർ,തലോർ, മണ്ണുത്തി,വെളപ്പായ,നെടു പുഴ,മുല്ലക്കര,വെട്ടുക്കാട്,പാലയൂർ എന്നീ ഇടവകകളിലെ രോഗികൾക്ക് സർജിക്കൽ ഉപകരണങ്ങൾ നൽകി.

**നേതൃത്വ പരിശീലന ക്യാമ്പ് നടത്തി**

തൃശ്ശൂർ അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ സാന്ത്വനം കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ ലാവൻഡർ ആർമി

കുട്ടികൾക്ക് നേതൃത്വ പരിശീലന ക്യാമ്പ് നടത്തി. 3 ദിവസങ്ങളിലായി നടന്ന പരിശീലന പരിപാടിയിൽ 15 സ്കൂളുകളിൽ നിന്നായി 150 വിദ്യാർത്ഥികൾ പങ്കെടുത്തു. കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് ഇൻ ചാർജ് ശ്രീ.അബീഷ് ആന്റണി,കാരിത്താസ് ഇന്ത്യ വളണ്ടിയർ ഇൻ ചാർജ് ശ്രീമതി ദിവ്യ ജോർജ്,സാന്ത്വനം അസോ.ഡയറക്ടർ ഡോ.ഫാ.ജോസ് വട്ടക്കുഴി,ലാവൻഡർ ആർമി കോർഡിനേറ്റർ ശ്രീ.നെൽസൺ സി.ടി, സ്കൂൾ പ്രധാനധ്യാപകർ,ആനിമേറ്റർമാർ എന്നിവർ പങ്കെടുത്തു.

**ഗോഡ്സ് ഓൺ ഫാമിലി**

ഗോഡ്സ് ഓൺ ഫാമിലിയിൽ നിന്നും സഹായം ലഭിച്ച ഇടവകയും സംഖ്യയും.

തൊയക്കാവ്– 61017/–
കുറ്റൂർ – 5893/–
വലക്കാവ് – 1960/–

**അർദ്ധദിന സെമിനാർ സംഘടിപ്പിച്ചു.**

വൈലത്തൂർ ഇടവകയിൽ പുതിയ സ്നേഹനിധി സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുന്നതിനായി ഇടവക കുടുംബ കൂട്ടായ്മകളിൽ ഒരു അർദ്ധദിന സെമിനാർ സംഘടിപ്പിച്ചു.

**സ്വയം സഹായ സംഘ രൂപീകരണം**

പുതിയ സ്വയം സഹായ സംഘങ്ങളുടെ രൂപീകരണത്തിന് വേണ്ടി മറ്റം ഇടവകയിൽ നടന്ന മീറ്റിങ്ങിൽ ആനിമേറ്റർമാരായ അനിതയും പ്രമീളയും പങ്കെടുത്തു.

**ക്ലാസ്സിൽ പങ്കെടുത്തു**

അഗ്രികൾചർ യൂണിവേഴ്സിറ്റിയിൽ ഫ്ളോറി കൾചർ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പൂകൃഷിയെ സംബന്ധിച്ച ക്ലാസിൽ സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങളും സാന്ത്വനം ആനിമേറ്ററായ അനിത ജോസഫും പങ്കെടുത്തു.

**സെമിനാറിൽ പങ്കെടുത്തു**

കേരള സോഷ്യൽ സർവീസ് ഫോറം കോട്ടയത്തിന്റെ ആഭിമുഖ്യത്തിൽ ഫോറത്തിൽ ദർശന്റെ ഏകദിന സെമിനാർ നടന്നു. കുട്ടികളിലെ ഇന്നത്തെ ലഹരിയുടെ ഉപയോഗത്തെ കുറിച്ചുള്ളതായിരുന്നു സെമിനാർ. NGO വഴിയായി എങ്ങനെ ലഹരിക്കെതിരെ കൈക്കോർക്കാം എന്ന് ചർച്ച ചെയ്യുകയും ചെയ്തു.

എറണാകുളം പിഒസിയിൽ വെച്ച് നടന്ന ലഹരി വിരുദ്ധ സെമിനാറിൽ സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ പങ്കെടുത്തു.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ.സിജു പുളിക്കൻ**
അസി.ഡയറക്ടർ

# ചിൽഡ്രൻസ് മിനിസ്ട്രി

**കലാമത്സരങ്ങൾ 2022**

സ്കൂൾ തിരുബാലസഖ്യം കുട്ടികൾക്കായുള്ള കലാമത്സരം നവംബർ 12–ാം തിയ്യതി സെന്റ് ക്ലയേഴ്സ് സ്കൂളിൽ വെച്ചാണ് നടത്തപ്പെടുക. സ്കൂൾ തിരുബാലസഖ്യം കുട്ടികൾക്ക് ഫൊറോനതല മത്സരം ഉണ്ടായിരിക്കുന്നതല്ല.

**തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി.**

തിരുബാലസഖ്യം വാർഷിക റിപ്പോർട്ടിന്റെ ഫോമും, മിഷൻ കളക്ഷൻ കവറുകളും, ജൂനിയർ സി.എൽ.സി വാർഷിക റോപ്പോർട്ടിന്റെ ഫോമും, ജീസസ്സ് ബെർത്തഡേ പാർട്ടി സംഭാവന കൂപ്പണും, അൾത്താരസംഘ വാർഷിക റിപ്പോർട്ടിന്റെ ഫോമും, പ്രയർ ഫ്രണ്ട് കളക്ഷൻ കവറും ഇതുവരെയും കൊണ്ടുപോകാത്തവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്ന് എത്രയും വേഗം കൈപറ്റേണ്ടതാണ്. ഡിസംബർ 28 –ാം തിയ്യതിക്കുള്ളിൽ കവറുകൾ തിരിച്ചേല്പിക്കേണ്ടതാണ്.

## *SANTOM Quiz* 2k22

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ മതബോധന വിദ്യാർത്ഥികൾക്കുവേണ്ടി സാൻതോം ക്വിസ്സ് ഇടവകതലം നവംബർ 6 ഞായറാഴ്ച്ച ഉച്ചതിരിഞ്ഞ് 2.00 മുതൽ 2.30 വരെയും, ഫൊറോനതലം നവംബർ 27 ഞായർ ഉച്ചതിരിഞ്ഞ് 3.00 മുതൽ 4.00 വരെ ഫൊറോന കേന്ദ്രത്തിലും, അതിരൂപതതലം 2023 ജനുവരി 2 തിങ്കളാഴ്ച്ച ഉച്ചതിരിഞ്ഞ് 2.00 മുതൽ 4.00 വരെ ഡി.ബി.സി.എൽ.സി.

യിൽ വെച്ചുമാണ് നടത്തപ്പെടുക. ഇടവകതലത്തിൽ ഫസ്റ്റ് കിട്ടിയ മൂന്നു പേർ അടങ്ങുന്ന ഒരു ടീമാണ് ഫൊറോന തല മത്സരത്തിൽ പങ്കെടുക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടുക.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

തിരുവചനം: "ഇവരാണ് വലിയ ഞെരുക്കത്തിൽ നിന്നും വന്നവർ; കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ വസ്ത്രങ്ങൾ കഴുകി വെളിപ്പിച്ചവർ" (വെളിപാട് 7: 14)
സുകൃതജപം: ഈശോ മറിയം യൗസേപ്പേ എന്റെ ആത്മാവിന് കൂട്ടായിരിക്കേണമേ!

പ്രാർത്ഥനാ നിയോഗം: പരിശുദ്ധ പിതാവിന്റെ നിയോഗത്തോടൊപ്പം വ്യത്യസ്ത തലങ്ങളിൽ ദുരിതമനുഭവിക്കുന്ന കുട്ടികൾക്കായി പ്രത്യേകിച്ച് ഭവനരഹിതർ, അനാഥർ, വഴികവലകളിൽ ഉപേക്ഷിക്കപ്പെട്ടവർ എന്നിവർക്കായി പ്രാർത്ഥിക്കാം.

പരിചയപ്പെടുന്ന വിശുദ്ധൻ: ജീവിച്ചിരിക്കുമ്പോൽതന്നെ വെറും സ്പർശനംകൊണ്ടും കുരിശടയാളം വരച്ചും അത്ഭുതങ്ങൾ പ്രവർത്തിച്ചിരുന്നവനും, പ്രാർത്ഥനാവേളകളിൽ സ്വശരീരം വായുവിൽ ഉയർന്നിരുന്നതിനും ദ്വിസ്ഥലസാന്നിദ്ധ്യത്തിനും പ്രേക്ഷകർ സാക്ഷ്യംവഹിച്ചിരുന്നവനും, സുന്ദരിയായ വിശുദ്ധ റോസാ പുണ്യവതിയുടെ സമകാലികനുമായ ലീമായിലെ വിശുദ്ധ മാർട്ടിൻ ഡെ പോറെസ്സ് ആണ് ഈ മാസം നാം പരിചയപ്പെടുന്ന വിശുദ്ധൻ. നവംബർ 3 നാണ് തിരുസഭ ഈ വിശുദ്ധനെ സ്മരിക്കുന്നത്.

പ്രവർത്തനം: മരിച്ചവരെ ഓർത്ത് പ്രാർത്ഥിക്കുന്നതിനും ദിവ്യബലി സമർപ്പിക്കുന്നതിനും പ്രായ്ശ്ചിത്ത പ്രവൃത്തികൾ ചെയ്യുന്നതിനും സിമിത്തേരി സന്ദർശിക്കുന്നതിനും നമുക്ക് ശ്രമിക്കാം.

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

# മദ്യവിരുദ്ധ സമിതി

**1. മേഖല സമ്മേളനങ്ങൾ**

പടിഞ്ഞാറൻ മേഖല സമ്മേളനം 18.09.22 രാവിലെ 11 മണിക്ക് കാവീട് സെന്റ് ജോസഫ് ദൈവാലയത്തിൽ ചേർന്നു. അതിരൂപത പ്രസിഡന്റ് സി.പി. ഡേവീസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ഉദ്ഘാടനം ചെയ്തത് അതിരൂപത ഡയരക്ടർ ബഹു. ഫാ. ദേവസ്സി പന്തല്ലൂക്കാരനാണ്. ഇടവക വികാരി ബഹു. ഫാ. ജേക്കബ് തച്ചറാട്ടിൽ അനുഗ്രഹ പ്രഭാഷണം നടത്തി. അതിരൂപത ആനിമേറ്റർ റവ. സി. റോസ്‌ലിൻ, ബ്രദർ ജോബിൻ ഐനിക്കൽ എന്നിവർ ആശംസകളർപ്പിച്ചു.

2.30 ന് മധ്യമേഖല സമ്മേളനം പറവട്ടാനി വിമലനാഥ പള്ളിയിൽ അരങ്ങേറി. അതിരൂപത പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന് ഇടവക വികാരി ബഹു. ഫാ. ജോൺസൺ അരിമ്പൂർ സ്വാഗതം ആശംസിച്ചു. അതിരൂപത ഡയരക്ടറച്ചൻ ഉദ്ഘാടകനായി. ലൂർദ്ദ് ഫൊറോന പ്രൊമോട്ടർ ബഹു. ഫാ. ഫ്ളർജിൻ തയ്യാലയ്ക്കൽ അനുഗ്രഹ പ്രഭാഷണം ചെയ്തു. പ്രൊഫ. സനൽരാജ്, ടി.എസ്. അബ്രാഹം എന്നിവർ ആശംസകളർപ്പിച്ചു.

25.09.22 ൽ തെക്കൻ മേഖല സമ്മേളനം 2.30 ന് പാലക്കൽ സെന്റ് മാത്യൂസ് ദൈവാലയത്തിൽ കൂടി. അതിരൂപത പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന് അതിരൂപത ട്രഷറർ ജോസ് വേലൂക്കാരൻ സ്വാഗതമാശംസിച്ചു. ഡയരക്ടറച്ചനാണ് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത്. ജോസ് വി.ഐ., ഇ.സി. ദേവസ്സിക്കുട്ടി എന്നിവർ ചടങ്ങിന് നേതൃം നൽകി.

4 p.m. ന് നടന്ന വടക്കൻ മേഖല സമ്മേളനത്തിന് വേലൂർ സെന്റ് ഫ്രാൻസീസ് ദൈവാലയം വേദിയായി. വേലൂർ ഫൊറോന പ്രസിഡന്റ് ജോസ് ചെമ്പിശ്ശേരിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം അതിരൂപത പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. അതിരൂപത ഭാരവാഹികളായ ടി.എസ്. അബ്രാഹം, ടി.ടി. കൊച്ചുവർക്കി, ക്ലാര ടീച്ചർ എന്നിവർ യോഗത്തെ അഭിസംബോധന ചെയ്ത് യോഗത്തിന് മാറ്റുകൂട്ടി.

**2. പുതിയ യൂണിറ്റ് രൂപീകരണം**

25.09.22 രാവിലെ പട്ടിക്കാട് സെന്റ് ഫ്രാൻസീസ് സേവിയേഴ്സ് ഫൊറോനയിൽ മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റ് രൂപീകരിച്ചു.

**3. പ്രൊമോട്ടേഴ്സ് മീറ്റ്**

28.09.22 ൽ അതിരൂപത ഓഫീസിൽ 10 മണിക്ക് പ്രൊമോട്ട റച്ചന്മാരുടെ യോഗം ചേർന്നു. ഇരിങ്ങാലക്കുട മദ്യവിരുദ്ധ സമിതി ഡയരക്ടർ ബഹു. ഫാ. ജോൺ പോൾ ഇയ്യന്നം അദ്ധ്യക്ഷത വഹിച്ച മീറ്റിങ്ങ് ഉദ്ഘാടനം ചെയ്തത് ലൂർദ്ദ് കത്തീഡ്രൽ വികാരി വെരി. റവ. ഫാ. ഡേവീസ് പുലിക്കോട്ടിലാണ്.

**4. വാർഷികാഘോഷ തയ്യാറെടുപ്പ്**

അഭിവന്ദ്യ മാർ ആൻ ഡ്രൂസ് താഴത്ത് പിതാവ് രജത ജൂബിലി വാർഷിക സമ്മേളനത്തിന് ആശംസകളോതിയും സമിതിയുടെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചും രൂപത ബുള്ളറ്റിനിൽ സർക്കുലർ ഇറക്കി.

സമർപ്പിത സമൂഹത്തിനുവേണ്ടി നടത്തപ്പെട്ട കഥ, കവിത എന്നീ ഇനങ്ങളിലെ മത്സരങ്ങളുടെ വിജയികളെ കണ്ടെത്തുകയും മുൻ നിശ്ചയപ്രകാരം 30.09.22 ൽ വിജയികളുടെ പേരുകൾ പ്രസിദ്ധീ കരിക്കുകയും ചെയ്തു.

**5. 25–ാം വാർഷിക സമ്മേളനം**

രജത ജൂബിലി ആഘോഷസമാപനവും 25–ാം വാർഷിക ദിനാ ചരണവും 04.10.22 ൽ പുത്തൻപള്ളി ബസിലിക്ക ഹാളിൽ സഘോഷം കൊണ്ടാടി. വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ പതാക ഉയർത്തിക്കൊണ്ട് ദിനാചരണത്തിന് തുടക്കം കുറിച്ചു. അതിരൂപത ഡയറക്ടർ ബഹു. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ സ്വാഗതമോതി. അതിരൂപത പ്രസിഡന്റ് സി.പി. ഡേവീസ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവാണ്. ജോസ് വി.ഐ. റിപ്പോർട്ട് അവതരിപ്പിച്ചു. കലാസാഹിത്യ മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവ് വിതരണം ചെയ്തു.

പുത്തൻപള്ളി റെക്ടർ വെരി റവ. ഫാ. ഫ്രാൻസീസ് പള്ളിക്കു ന്നത്ത്, അതിരൂപത മാതൃവേദി പ്രസിഡന്റ് ശ്രീമതി എത്സി വിൻസെന്റ് എന്നിവർ ആശംസകളർപ്പിച്ചു. അതിരൂപത ആനിമേറ്റർ റവ. സി. റോസ്‌ലിനാണ് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തത്. ടി.ടി കൊച്ചുവർക്കി, ക്ലാര ടീച്ചർ എന്നിവർ സർക്കാരിന്റെ വികലവും ജനദ്രോഹപരവുമായ മദ്യനയങ്ങൾ തിരുത്തണമെന്ന് ആവശ്യപ്പെട്ട് പ്രമേയങ്ങൾ അവതരിപ്പിച്ചു. ബഹു. ഫാ. ജോസ് പുലിക്കോട്ടിലിന്റെ പ്രാർത്ഥനയ്ക്കുശേഷം അതിരൂപത സെക്രട്ടറി ടി. എസ്. അബ്രാഹം

കൃതജ്ഞതാർപ്പണം നടത്തി. തുടർന്ന് വിവിധ കലാപരിപാടികൾ അരങ്ങേറി. എഴുന്നൂറോളം പേർ സമ്മേളനത്തിൽ പങ്കാളികളായി.

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ശ്രീ. ജോസ് വടക്കേത്തല**
പി.ആർ.ഒ.

# കത്തോലിക്ക കോൺഗ്രസ്സ്

- **ഞായർ പ്രവർത്തി ദിനമാകുന്നതിനെതിരെ പ്രതിഷേധം**
  ഒക്ടോബർ 2 ഞായർ വിദ്യാലയങ്ങൾ പ്രവർത്തിദിനമാകുന്നതിനെതിരെ കോർപ്പറേഷൻ ഓഫീസിനു മുമ്പിൽ പ്രതിഷേധ സദസ്സ് സംഘടിപ്പിച്ചു. അതിരൂപത ഡയറക്ടർ ഫാ. വർഗ്ഗീസ് കുത്തൂർ ഉദ്ഘാടനം ചെയ്തു. ഗവണ്മെന്റിന്റെ ഇത്തരം നടപടികൾ കടുത്ത പ്രതിഷേധത്തിന് ഇടവരുത്തുമെന്ന് മുന്നറിയിപ്പ് നൽകി.

- **ലഹരിക്കെതിരെ കത്തോലിക്ക കോൺഗ്രസ്സ്**
  വർദ്ധിച്ചു വരുന്ന ലഹരി വ്യാപനത്തിനെതിരെ കത്തോലിക്ക കോൺഗ്രസ്സ് വനിത, യൂത്ത് കൗൺസിലുകളുടെ നേതൃത്വത്തിൽ ഇടവകകളിലും വിദ്യാലയങ്ങളിലും സമഗ്രപദ്ധതികൾ തയ്യാറാക്കുന്നു. നവംബർ മുതൽ പ്രവർത്തനങ്ങളുമായ് ജനങ്ങളുടെയിടയിലേക്ക് ഇറങ്ങുകയാണെന്ന് ഭാരവാഹികൾ അറിയിച്ചു.

- **ഫൊറോന വർക്കിങ്ങ് കമ്മിറ്റികൾ**
  കത്തോലിക്ക കോൺഗ്രസ്സ് ഫൊറോന വർക്കിങ്ങ് കമ്മറ്റികൽ വരുന്ന വർഷത്തെ കർമ്മപദ്ധതികൾ തയ്യാറാക്കുന്നതിനായ് ഒരുങ്ങുന്നു. ഫൊറോനകളിലെ PFC യൂണിറ്റുകൾ കൂടുതൽ സജീവമാക്കുന്നതും ചർച്ച് ചെയ്ത് കർമ്മ പദ്ധതികൾ തയ്യാറാക്കുന്നു.

- **പറോക്ക് സർവ്വേ റിപ്പോർട്ട് ബോധവൽക്കരണം**
  എല്ലാ സംഘടന നേതൃനിരയെ ഉൾപ്പെടുത്തിക്കൊണ്ട് കത്തോലിക്ക കോൺഗ്രസ്സ് ഫൊറോന സമിതിയുടെ നേതൃത്വത്തിൽ അതിരൂപത

യുടെ പറോക്ക് സർവ്വെ റിപ്പോർട്ട് അൽമായർക്ക് ബോധവത്ക്കര ണത്തിനായ് ഒരുങ്ങുന്നു. സഭയുടെ, തൃശൂർ അതിരൂപതയുടെ സ്പന്ദ നങ്ങൾ അത്മായ നേതൃത്വത്തിന് വർത്തമാന സാമൂഹിക പശ്ചാ ത്തലത്തിൽ അറിവ് നേടുന്നതിനായാണ് ഇത്തരത്തിലുള്ള കാപയി നുകൾ ആരംഭിക്കുന്നത്.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

**ജോഷി വടക്കൻ**
പ്രസിഡന്റ്

**എൻ.പി. ജാക്സൺ**
ജനറൽ സെക്രട്ടറി

# ലോഫ്
**(ലീജിയൻ ഓഫ് അപ്പസ്തോലിക് ഫാമിലീസ്)**

## 1. LOAF ACADEMIC DAY

2022 ജനുവരി മാസം മുതൽ തിയോളജി ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ Diploma Certificate in Family Theology Course ലൂടെയാണ് ലോഫ് കുടുംബങ്ങൾ കടന്നുപോകുന്നത്. സെപ്റ്റംബർ 25 ലെ Family Theology Courseന്റെ ക്ലാസ്സുകൾ റവ.ഫാ. ഫ്രാൻസിസ് ആളൂർ, ഡോ. ടോണി ജോസഫ് എന്നിവർ ചേർന്ന് നയിച്ചു.

## 2. LOAF'S FEP (Family Enrichment Programme)

2022 ഒക്ടോബർ 2 ന് (ഞായറാഴ്ച്ച) ഉച്ചക്ക് 2 മണിക്ക് അഭിവന്ദ്യ മാർ ജോസഫ് കരിക്കാശ്ശേരി പിതാവിന്റെ അനുഗ്രഹത്തോടെ കോട്ടപ്പുറം ലത്തീൻ രൂപതയിലെ കുടുംബങ്ങൾക്കായുള്ള FEP ആരംഭിച്ചു. രൂപത വികാരി ജനറൽ ബഹു.മോൺ. ഡോ. ആന്റണി കുരിശ്ശിങ്കൽ ഉദ്ഘാടനവും ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടർ റവ.ഫാ. നിമേഷ് അഗസ്റ്റിൻ അദ്ധ്യക്ഷതയും വഹിച്ചു.

കോട്ടപ്പുറം ലത്തീൻ രൂപതയിലെ പല ഇടവകകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട നാൽപതോളം കുടുംബങ്ങൾ ഒരുമിച്ച് കൂടിയ ഈ

പ്രോഗ്രാമിൽ തൃശ്ശൂർ അതിരൂപതയിലെ കുടുംബങ്ങളുടെ സമർപ്പിത സമൂഹമായ ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ് (ലോഫ്) പ്രസിഡണ്ട് ദമ്പതികൾ ഡോ. ജോർജ് ലിയോൺസും, ശ്രീമതി അനി ജോർജ്ജും ക്ലാസ്സുകൾ നയിച്ചു. KCBC Pro-Life State സെക്രട്ടറി ശ്രീമാൻ ജെയിംസും, ശ്രീമതി ജെസി ജെയിംസും ഗ്രൂപ്പ് ചർച്ചകൾക്ക് നേതൃത്വം നൽകി.

തൃശ്ശൂർ അതിരൂപതാ ഏകോപന സമിതി സെക്രട്ടറി ഡോ. ടോണി ജോസഫ് പാനൽ ഷെയറിംഗിന് നേതൃത്വം നൽകി. ഡോ. ബെറ്റ്സി തോമസ് (അമല മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ), ശ്രീമാൻ രാജു ആന്റണി, ശ്രീമതി സൗമ്യ രാജു, ശ്രീമാൻ ബ്രിസ്റ്റോ, ശ്രീമതി റീന ബ്രിസ്റ്റോ എന്നിവർ പാനൽ ഷെയറിംഗിൽ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചു.

## 3. LOAF CORE MEETING:

ഒക്ടോബർ മാസത്തെ **LOAF CORE MEETING** 7-ാം തിയതി (വെള്ളി) ലോഫ് ഡയറക്ടർ റവ. ഫാ. ഫ്രാൻസീസ് ആളൂരിന്റെ അദ്ധ്യക്ഷതയിൽ DBCLC യിൽ വെച്ച് നടന്നു. 2022-25 വർഷത്തെ ലോഫിന്റെ പുതിയ കോറിന്റെ ആദ്യ സമ്മേളനമാണ് 7-ാം തിയതി നടന്നത്.

## 4. LOAF SPIRITUAL MEETING:-

ഒക്ടോബർ മാസത്തെ LOAF SPIRITUAL EVENING ഫാമിലി അപ്പസ്തോലേറ്റിൽ വെച്ച് 8-ാം തിയതി നടന്നു. ജപമാലക്ക് സനോജ്, ബിൻസി ദമ്പതികളും, ആരാധനയ്ക്ക് ഡോ. ജോർജ് ലിയോൺസും, അനി ജോർജും, വി.ബലിക്ക് ലോഫ് സ്പിരിച്വൽ ഡയറക്ടർ റവ. ഫാ. ഡെന്നി താണിക്കലും, നേതൃത്വം നൽകി. വചന സന്ദേശം റവ. സി. കാർമ്മൽ CMC യും നൽകി

**ഡോ. ജോർജ്ജ് ലിയോൺസ്**
**& അനി ജോർജ്ജ്**
പ്രസിഡണ്ട് ദമ്പതികൾ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# ലീജിയൻ ഓഫ് മേരി

**2022 മാർച്ച് മുതലുള്ള കമ്മീസിയ പൊതുയോഗത്തിന്റെ പ്രവർത്തന റിപ്പോർട്ട്**

കോവിഡിന്റെ വ്യാപനം അല്പമൊന്ന് കുറഞ്ഞു തുടങ്ങിയപ്പോൾ 2022 മാർച്ച് മുതൽ കമ്മീസിയത്തിന്റെ, രണ്ടു വർഷമായി നിർത്തി വെച്ചിരുന്ന, പൊതുയോ ഗങ്ങൾ ആരംഭിച്ചു. തുടക്കത്തിൽ സൈനികരുടെ എണ്ണം വളരെ കുറവായിരുന്നെങ്കിലും രണ്ടും മൂന്നും പൊതുയോഗങ്ങൾ കഴിഞ്ഞതോടുകൂടി സൈനികരുടെ എണ്ണം സാധാരണ ഗതിയിലായി. ആത്മീയ നിയന്താവ് റവ. ഡോ. ജോൺ മൂലൻ അവർകളുടെ പ്രോത്സാഹനവും ഉത്തേജനവും മെമ്പർമാർക്ക് ഉന്മേഷം നൽകി.

ജൂലായ് മാസയോഗ തീരുമാനപ്രകാരം ആഗസ്റ്റ് 13–ാം തിയ്യതി ശനിയാഴ്ച ആരാധനാദിനമായി ആചരിച്ചു. ഇത് വലിയ ഒരു വിജയമായിരുന്നു. 04.06.2022ന് വേലൂരിൽ പുതിയ കൂരിയ ആരംഭിയ്ക്കുവാൻ തീരുമാനിച്ച തനുസരിച്ച് അന്നേ ദിവസം ആത്മീയ നിയന്താവിന്റെവും കമ്മീസിയം ഭരണസമിതി അംഗങ്ങളുടെയും സാന്നിദ്ധ്യത്തിൽ പുതിയ കൂരിയ സ്ഥാപിതമായി. തൃശ്ശൂർ കമ്മീസിയം ഭാരവാഹികൾ പാല സെനത്തൂസ് യോഗത്തിൽ സംബന്ധിക്കുകയും കമ്മീസിയത്തിന്റെ പ്രവർത്തനങ്ങളെ സെനത്തൂസിനെ അറിയിക്കുകയും ചെയ്തു. 2022 ആഗസ്റ്റ് – സെപ്തംബർ മാസങ്ങളിലായി എല്ലാ പ്രസീദിയങ്ങളിലും പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കണമെന്നും തീരുമാനമെടുത്തു. വിവരം രേഖാമൂലം ഓരോ കൂരിയ ഭാരവാഹികളെയും അറിയിക്കണമെന്നും തീരുമാനമെടുത്തു. അതിനുശേഷം ഒക്ടോബർ – നവംബർ മാസങ്ങളിലായി കൂരിയാകളിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കണമെന്നും അതിനു ശേഷം തൃശ്ശൂർ കമ്മീസിയത്തിന്റെ പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കാമെന്നും തീരുമാനങ്ങളുണ്ടായി.

ലീജിയൻ ഓഫ് മേരിയുടെ 100–ാം വാർഷികത്തോടനുബന്ധിച്ച് തൃശ്ശൂർ കമ്മീസിയം 2022 ഡിസംബറിൽ ഒരു പൊതുസമ്മേളനം വിളിച്ചുകൂട്ടണമെന്നും കലാ – സാംസ്ക്കാരിക കായിക രംഗങ്ങളിൽ മെമ്പർമാരെ പങ്കെടുപ്പിച്ചു കൊണ്ട് മത്സരങ്ങൾ നടത്തണമെന്നും തീരുമാനമെടുത്തു. മാത്രമല്ല, വാർഷിക ആ ഘോഷത്തോടനുബന്ധിച്ച് നല്ല

ഒരു സ്മരണിക പുറത്തിറക്കണമെന്നും തീരുമാനിച്ചു. ലീജിയന്റെ തുടക്കം മുതൽ ഇന്നുവരെ ലോകത്തിന്റെ വിവിധ ഭാഗങ്ങളി ലുണ്ടായിട്ടുള്ള വളർച്ചയെപ്പറ്റിയുള്ള ലേഖനങ്ങൾ പ്രസിദ്ധീകരി ക്കുവാനും തീരുമാനിച്ചു. പേരെടുത്ത എഴുത്തുകാരുടെ വിലപ്പെട്ട ലേഖനങ്ങളും, കവിതകളും, കഥകൾ എന്നിവയും പ്രസിദ്ധീകരിക്ക ണമെന്ന് ആശയങ്ങൾ ഉണ്ടായി. ആയതിനുവേണ്ടി ബ്ര. ജോയ് നീലങ്കാവിൽ ജനറൽ കൺവീനറായി 20 പേരുടെ ഒരു കമ്മറ്റിയെയും തിരഞ്ഞെടുത്തു.

തൃശ്ശൂർ രൂപതയിൽ ലീജിയൻ ഓഫ് മേരി സംഘടന ഇല്ലാത്ത ഇടവകകളിൽ പുതിയതായി പ്രസീദിയങ്ങൾ തുടങ്ങുന്നതിന് തീവ്രമായ ശ്രമം ആരംഭിച്ചു. വെങ്ങിണിശ്ശേരി ഇടവകയിൽ 02.10.22ന് ഇതിനുവേണ്ടി ഒരു യോ ഗം ചേരുകയും പ്രസീദിയത്തിലേയ്ക്ക് മെമ്പർമാരെ തിരഞ്ഞെടുക്കുകയും ചെയ്തു.

**ഫാ. ജോൺ മൂലൻ**
ഡയറക്ടർ

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

കരിസ്മാറ്റിക് നവീകരണ ശുശ്രൂഷയ്ക്ക് പുതിയ നേതൃത്വം:– ആഗസ്റ്റ് 30–ാം തിയതി ചൊവ്വാഴ്ച തൃശൂർ അതിരൂപത കരിസമാറ്റിക് നവീകരണ ശുശ്രൂഷയ്ക്ക് പുതിയ നേതൃത്വത്തെ കണ്ടെത്തുന്ന ശുശ്രൂഷ ആബ്ബാ റിന്യൂവൽ സെന്ററിൽ നടന്നു. കെ.സി.ബി.സി കരി സ്മാറ്റിക് കമ്മീഷൻ സെക്രട്ടറിയും, കേരളസേവന സമിതിയുടെ കോർഡിനേറ്ററുമായ റവ. ഫാ. ജോസഫ് താമരവള്ളി, പ്രൊഫസർ കൊച്ചുറാണി ജോസഫ്, ഡോ. ബീന, ജോസ് തട്ടിൽ എന്നിവർ പുനഃ ക്രമീകരണ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. 16 സോണുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളും നിലവിലുള്ള സർവ്വീസ് ടീം അംഗങ്ങളുമാണ് പുതിയ സർവ്വീസ് ടീമിനെ തിരഞ്ഞെടുത്തത്.

**പുതിയ ഭാരവാഹികൾ**

1. ബാബു. എം. എ – കോർഡിനേറ്റർ (മുക്കാട്ടുകര ഇടവക)
2. ലോളി റാഫി – സെക്രട്ടറി (ഒല്ലൂർ ഇടവക)

3. ഷാജു. സി. ഐ – ട്രഷറർ (വിജയപുരം പള്ളി)
4. ബിജുമോൻ. ടി.ടി – അത്താണി ഇടവക
5. ജോമോൻ. കെ. ജെ. – ഒളരി ഇടവക
6. ഡേവിസ്. ടി. വി – അരിമ്പൂർ ഇടവക
7. സന്തോഷ് നീലങ്കാവിൽ – പേരാമംഗലം ഇടവക
8. റീന റാഫേൽ – അത്താണി ഇടവക
9. ശ്യാമ റോബർട്ട് – ആമ്പക്കാട് ഇടവക
10. റോയ് തൈക്കാട്ടിൽ – കൊട്ടേക്കാട് ഇടവക

സെപ്റ്റംബർ 12,13 തിയതികളിൽ എമ്മാവൂസിൽ നടന്ന ശുശ്രൂഷയ്ക്ക് അഭിവന്ദ്യ മാർ. ഐറനീസ് പിതാവ് പുതിയ സർവ്വീസ് ടീം അംഗങ്ങൾക്ക് കൈവയ്പ്പ് ശുശ്രൂഷയിലൂടെ ഉത്തരവാദിത്വങ്ങൾ പുതിയ നേതൃത്വനിരയ്ക്ക് കൈമാറി.

**ട്രെയ്നിങ്ങ് പ്രോഗ്രാം:–** ആഗസ്റ്റ് 8–ാം തിയതി തിങ്കളാഴ്ച 16 സബ്–സോൺ, മിനിസ്ട്രി കോർ ടീമിന് ഫോർമേഷൻ പ്രോഗ്രാം ആബ്ബാ റിന്യൂവൽ സെന്ററിൽ വെച്ച് നടത്തി. കാലത്ത് 9 മുതൽ 4 മണിവരെ കേരള സേവന സമിതി കോർഡിനേറ്റർ റവ. ഫാ. ജോസഫ് താമരള്ളി, പ്രൊഫസർ കൊച്ചുറാണി ജോസഫ്, സെബാസ്റ്റ്യൻ കാഞ്ഞിരപ്പിള്ളി എന്നിവർ നേതൃത്വം നൽകി.

**നേതൃത്വ സംഗമം:–** ഇടവക പ്രാർത്ഥനാ കൂട്ടായ്മകളുടേയും സബ്ബ് –സോൺ, മിനിസ്ട്രി തിരഞ്ഞെടുക്കപ്പെട്ടവരുടെ ഒരു നേതൃത്വ സംഗമം ഒക്ടോബർ 4–ാം തിയതി ചൊവ്വാഴ്ച ആബ്ബാ റിന്യൂവൽ സെന്ററിൽ വെച്ച് നടന്നു. ഇതിന്റെ ഔപചാരികമായ ഉദ്ഘാടനം തൃശൂർ അതിരൂപത വികാരി ജനറാൾ മോൺസിഞ്ഞോർ റവ. ഫാ. ജോസ് കോനിക്കര തിരി തെളിയിച്ച് ഉദ്ഘാടനം ചെയ്തു. സന്ദേശം നൽകുകയും ചെയ്തു. ആബ്ബാ ധ്യാനകേന്ദ്രത്തിന്റെ അസ്സി. ഡയറക്ടർ ആയി നിയമിതനായ റവ. ഫാ. റോയ് വേലുകൊമ്പിളിനെ വികാരി ജനറാൾ ജോസ് കോനിക്കര പൊതു സമൂഹത്തിന് പരിചയപ്പെടുത്തി കൊടുത്തു. കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠം ബൊക്കെ നൽകി സ്വീകരിച്ചു. നേതൃത്വ സംഗമത്തിന് ഏകദേശം 400 പേർ പങ്കെടുത്തു. ഡയറക്ടറച്ചൻ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. അസ്സി. ഡയറക്ടറിന്റെ ആരാധനയോടെ ശുശ്രൂഷകൾ അവസാനിച്ചു.

**ആബ്ബാ ധ്യാനകേന്ദ്രം:–** ആബ്ബാ ധ്യാനകേന്ദ്രത്തിൽ 21 ദിവസത്തെ ദാനിയേൽ ഉപവാസ പ്രാർത്ഥന സെപ്റ്റംബർ 1 മുതൽ 21 വരെ നടത്തി. അവസാനത്തെ മൂന്ന് ദിവസം 19, 20, 21 തിയതികളിൽ ബ്രദ. സാബു

ആറുതൊട്ടിയുടെ നേതൃത്വത്തിൽ മരിയൻ കൺവെൻഷൻ നടത്തി. ദാനിയേൽ ഉപവാസ പ്രാർത്ഥനകൾക്ക് ഓരോ ദിവസവും ഓരോ സബ്ബ് – സോണുകൾ നേതൃത്വം നൽകി. കൺവെൻഷന് ഏകദേശം 400 പേർ പങ്കെടുത്തു.

സെപ്റ്റംബർ 3–ാം തിയതി തിങ്കളാഴ്ച ആബ്ബാ ധ്യാനകേന്ദ്രത്തിൽ വെച്ച് പ്രാർത്ഥനാ ദിനം ആഘോഷിച്ചു. തൃശൂർ അതിരൂപതയിലെ എല്ലാ വൈദികരും, സന്യസ്തരും, സമർപ്പിതരും ഈ ശുശ്രൂഷയിൽ പങ്കെടുത്തു. വിവിധ സഭാ സമൂഹങ്ങളിലെ വൈദികരും സന്യാസി സന്യാസിനികളും പങ്കെടുത്തു. രാവിലെ മുതൽ ദിവ്യകാരുണ്യം എഴുന്നുള്ളിച്ച് വെച്ച് വൈകിട്ട് വരെ പ്രാർത്ഥിച്ചു.

എല്ലാ ശനിയാഴ്ചകളിലും ഏകദിന ശുശ്രൂഷകൾ ആബ്ബാ ധ്യാനകേന്ദ്രത്തിൽ നടന്നു വരുന്നു.

**ഫാ. ഷാജൻ തേർമഠം**
ഡയറക്ടർ

# ജീസസ് യൂത്ത്

**ആത്മീയതയുടെ ആഘോഷമായി പാരിഷ് ഫെസ്റ്റ്**

കേരള സഭയുടെ നവീകരണ കാലഘട്ടത്തിൽ ഇടവക സമൂഹങ്ങളിലെ യുവജനങ്ങൾ നവീകരിക്കപ്പെടണം എന്ന ആഗ്രഹത്തോടെ തൃശ്ശൂർ അതിരൂപത ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ 2022 ഓഗസ്റ്റ് 13, 14, 15 തീയതികളിൽ തൃശ്ശൂർ അതിരൂപത യിലെ വിവിധ ഇടവകകളിൽ നിന്നായി 500 ഓളം യുവജനങ്ങൾ ചെറുതുരുത്തി ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ഒരുമിച്ചുവരികയും തങ്ങൾ ആയിരിക്കുന്ന ഇടവകയിൽ കാലഘട്ടത്തിന നുസൃതമായി എങ്ങനെയെല്ലാം പ്രവർത്തിക്കാം എന്ന് ആഴത്തിൽ ചിന്തിക്കുകയും ചെയ്തു. പ്രോഗ്രാമിന്റെ രണ്ടാം ദിവസം ചേലക്കര ഫൊറോനയിലെ ചെറുതുരുത്തി, മണലാടി, പങ്ങാരപ്പിള്ളി, ചേലക്കര എന്നീ 4 ഇടവകകളിൽ ഹൗസ് വിസിറ്റിംഗ് നടത്തുകയും, യുവജനങ്ങൾക്കായി ഒരു മണിക്കൂർ നീണ്ട പ്രോഗ്രാം സംഘടിപ്പിക്കുകയും ചെയ്തു.

പ്രോഗ്രാമിൽ തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ആശംസകൾ അറിയിച്ചു. തൃശ്ശൂർ അതിരൂപത ജീസസ് യൂത്ത് ഡയറക്ടർ ബഹു. ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ, അസിസ്റ്റന്റ് ഡയറക്ടർ ബഹു. ഫാ.ഡെന്നി ചിറയത്ത്, ജ്യോതി എഞ്ചിനീയറിങ് കോളേജ് എക്സിക്യൂട്ടീവ് ഡയറക്റ്റർ ബഹു. ഫാ. തോമസ് കാക്കശ്ശേരി, ജ്യോതി എഞ്ചിനീയറിങ് കോളേജ് ഫിനാൻസ് ഓഫീസർ ബഹു. ഫാ.ഡേവിഡ് നെറ്റിക്കാടൻ, ബഹു. ഫാ. സൈമൺ ചെറുവത്തൂർ Ofm Cap., ബഹു. ഫാ.ബിറ്റോ തലക്കോട്ടൂർ Ofm Cap, ബഹു. ഫാ.പ്രസാദ് കുരിശിങ്കൽ CST. തുടങ്ങിയ വൈദികരും ജോബി ടി. എ., സിജോ പി.ടി ആറ്റത്തറ, ഗിന്നീസ് ഫ്രാൻസിസ്, അഭിലാഷ് എം. കെ., ജോഷി എം .എ., തുടങ്ങിയവർ നേതൃത്വം നൽകി. ജനറൽ കോർഡിനേറ്റർ ജെറിൻ ജോയ് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തി.

**സാംസ്**

തൃശ്ശൂർ ജീസസ് യൂത്ത് ടാലെന്റ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ എല്ലാ മാസവും നാലാമത്തെ ഞായറാഴ്ച്ച തൃശ്ശൂർ സേക്രെഡ് ഹാർട്ട് സ്കൂളിൽ വച്ചു 'സാംസ്' (Psalms) എന്ന പേരിൽ നടത്തി വരുന്ന വർക്ക് ഷോപ്പ് ഓഗസ്റ്റ് 28നും കൂടുകയുണ്ടായി.

ദൈവം നൽകിയ കഴിവുകളെ കണ്ടെത്തുവാനും, വളർത്തുവാനും, സബ്സോൺ തലത്തിൽ നടക്കുന്ന ജീസസ് യൂത്ത് പ്രോഗ്രാമുകൾക്ക് നേതൃത്വം കൊടുക്കുവാൻ അതതു സബ്സോണിലുള്ള യുവജനങ്ങളെ പ്രാപ്തരാക്കുക തുടങ്ങിയ ലക്ഷ്യത്തോടെ മ്യൂസിക്, ആർട്ട്, തീയ്യറ്റർ എന്നീ മൂന്നു വ്യത്യസ്ത തലങ്ങളിലൂടെ കടന്നുപോകുന്ന ഈ വർക്ക് ഷോപ്പിൽ നാൽപതു പേരോളം പങ്കെടുത്തിരുന്നു.

**ബ്രിട്ടോ മൈക്കിൾ**
കോർഡിനേറ്റർ

**ഫാ. ബാസ്റ്റ്യൻ പുന്നോലിപ്പറമ്പിൽ**
ഡയറക്ടർ



സകല വിശുദ്ധരുടെയും തിരുന്നാൾ
നവംബർ 1

സകല മരിച്ചവരുടെയും
ഓർമ്മദിനം നവംബർ 2



2022 സെപ്റ്റംബർ 17 ന് ആശീർവദിക്കപ്പെട്ട അത്താണി ഔവർ ലേഡി ഓഫ് ഡോളേഴ്സ് ഇടവക ദൈവാലയത്തിന്റെ നവീകരിച്ച അൾത്താര

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.10.2022
**November- 2022**

**2022 ഒക്ടോബർ 01ന് ആശീർവാദവും പ്രതിഷ്ഠാകർമ്മവും നിർവഹിക്കപ്പെട്ട പൂമല ലിറ്റിൽ ഫ്ളവർ ദൈവാലയവും അൾത്താരയും**





Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor